അദ്ധ്യായം 18

# പ്രത്യുല്പാദന നാളിയിലെ അണുബാധ (ആർ. ടി. ഐ)



**പ്രത്യുല്പാദന നാളിയിലെ അണുബാധ ഏതെല്ലാം. അവ എങ്ങനെ പകരുന്നു?**

ജനനേന്ദ്രിയ നാളിയിലെ അണുബാധ പലതരത്തിലുള്ള രോഗാണുക്കൾ ജനനേന്ദ്രിയങ്ങളെ ബാധിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന രോഗങ്ങളാണ്. ഈ രോഗങ്ങൾ സ്ത്രീകളെയും, പുരുഷന്മാരെയും ഒരുപോലെ ബാധിക്കുമെങ്കിലും ഇതു കൂടുതലായി കാണുന്നത് സ്ത്രീകളിലാണ്. കാരണം അവരുടെ ശരീരഘടന അണുബാധയ്ക്ക് അനുകൂലമാണ്.

ലൈംഗികബന്ധം മൂലമുണ്ടാകുന്ന ആർ.ടി.ഐ യെ ലൈംഗികമായി പകരുന്ന രോഗങ്ങൾ (എസ്.ടി.ഡി), ലൈഗികമായി ഉണ്ടാകുന്ന അണുബാധ (ആർ.ടി.ഐ), ഗുഹ്യ രോഗങ്ങൾ എന്നൊക്കെയാണ് വിളിക്കുന്നത്. ജനനേന്ദ്രിയത്തിൽ അണുബാധ, മുറിവുകൾ (പ്രസവ സമയത്ത്, ലൈംഗിക ബന്ധം, രാസപദാർത്ഥങ്ങൾ), പ്രസവ സമയത്തുള്ള ശുചിത്വമില്ലായ്മ, ഗർഭം അലസൽ, ഐ.യു.ഡി നിക്ഷേപം, യോനീനാളത്തിലെ അണുക്കളുടെ അമിത വർദ്ധന എന്നിവയാലും ജനനേന്ദ്രിയ നാളി രോഗങ്ങളുണ്ടാകാവുന്നത്. മോശമായ ആരോഗ്യസ്ഥിതി, മോശമായ ലൈംഗിക ശുചിത്വം, വളരെ നേരത്തേ തുടങ്ങുന്ന ലൈംഗിക പ്രവൃത്തികൾ എല്ലാം തന്നെ സ്ത്രീയെ ലൈംഗികരോഗങ്ങൾക്ക് വിധേയയാക്കുന്നു.

**പ്രത്യുൽപ്പാദന നാളിയിലെ അണുബാധ എന്തുകൊണ്ട് ശ്രദ്ധിക്കപ്പെടുന്നില്ല?**

അസാധാരണ യോനീസ്രാവം, ജനനേന്ദ്രിയപ്പുണ്ണ് മുതലായ വ്യക്തിപരമായ പ്രശ്നങ്ങളെ കുറിച്ച് സംസാരിക്കാൻ സ്ത്രീകൾ പൊതുവേ വിമുഖത കാണിക്കുന്നവരും നാണിക്കുന്നവരുമാണ്. ലൈംഗിക സംബന്ധമായ പ്രശ്നങ്ങൾ നിശ്ശബ്ദരായി സഹിച്ചു കൊള്ളാനാണ് അവരെ പഠിപ്പിച്ചിരിക്കുന്നത്. ജന നേന്ദ്രിയ നാളി രോഗങ്ങൾ, പ്രത്യേകിച്ച് ലൈംഗികരോഗങ്ങൾ, ഒരു സ്ത്രീയ്ക്ക് ഉണ്ടെന്ന് അറിഞ്ഞാൽ അവരെ ചീത്ത സ്ത്രീ എന്ന് മുദ്ര കുത്തും എന്ന ഭയം നിലവിലുണ്ട്. വേണ്ടത്ര ലൈംഗിക വിദ്യഭ്യാസമി ല്ലാത്തിനാലും വൈദ്യസേവന ലഭ്യതകുറവായതിനാലും സ്ത്രീകൾ വൈദ്യ ചികിത്സയ്ക്ക് വൈമുഖ്യം കാണിക്കുന്നു. വീട്ടിലെ തീരുമാനമെടുക്കുന്നവരായ അമ്മായിഅമ്മമാരെ പോലെയുള്ളവർ പ്രസവം, ഗർഭം ധരിക്കായ്ക മുതലായ സന്ദർഭങ്ങളിൽ ആരോഗ്യപ്രവർത്തകരെ കാണാൻ സ്ത്രീകളെ അനുവദിക്കാറുണ്ട്. എന്നാൽ ഗുരുതരമായ യോനീസ്രാവം മുതലായവ ചികിത്സിക്കുന്നതിന് അവർ അനുകൂലമായ നിലപാട് എടുക്കാറില്ല.

നേരിട്ടുള്ള മരണകാരിയല്ലാത്തിനാൽ ജനനേന്ദ്രിയ നാളി അവഗണിക്കപ്പെടുന്നു. അവ സ്ത്രീയുടെ ശരീരത്തിനുള്ളിൽ സ്ഥിതിചെയ്തുകൊണ്ട് വിട്ടുമാറാത്ത വയറുവേദനയുണ്ടാക്കുകയും സ്ത്രീക്ക് ഗർഭ ധാരണ ശേഷിയില്ലാതാക്കുകയും ചെയ്യുന്നു.



**ജനനേന്ദ്രിയ നാളിരോഗങ്ങൾ എങ്ങനെയാണ് പ്രത്യക്ഷപ്പെടുന്നത്.**

1. അസാധാരണമായ യോനീസ്രാവം (ദുർഗ്ഗന്ധത്തോടുകൂടിയത്)
2. ലൈംഗികാവയവങ്ങളുടെ പുറംഭാഗത്ത് വ്രണങ്ങൾ
3. അരക്കെട്ടിലെ വീക്കം നിമിത്തം അടിവയർ വേദന

***മറ്റു സൂചനകൾ***

1 ലൈംഗികബന്ധത്തിൽ വേദനയോ, രക്തവാർച്ചയോ

2 കാലിടുക്കിൽ വേദനയുള്ള പിണ്ഡം

3. ജനനേന്ദ്രിയ ഭാഗത്ത് ചൊറിച്ചിൽ

യഥാസമയം ചികിത്സിച്ചില്ലെങ്കിൽ ജനനേന്ദ്രിയനാളി രോഗങ്ങൾ സങ്കീർണ്ണമായെന്നു വരാം. വന്ധ്യത, എച്ച്. ഐ. വി. പകർച്ച അണ്ഡവാഹിനിയിലെ ഗർഭധാരണം, ഗർഭാശയ ക്യാൻസർ, എന്നി വയും മരണവും സംഭവിക്കാവുന്നതാണ്. പ്രസവ സംബന്ധമായ സങ്കീർണ്ണതകൾ, മാസം തികയാതെ പ്രസവം, ഭാരം കുറഞ്ഞ ശിശു, ചാപിള്ള, ഗർഭം അലസൽ എന്നിവ സംഭവിക്കാം. നവജാതർക്ക് കണ്ണിൽ അണു ബാധയുണ്ടായി അന്ധതയ്ക്കും ന്യുമോണിയയ്ക്കും കാരണമാകാം.



**അസാധാരണ യോനീസ്രവം**

ചെറിയ തോതിലുള്ള സ്രവമോ നനവോ സാധാരണമാണ്. അതു യോനീ നാളത്തിൽ നിന്ന് വരുന്നതാണ്. യോനീനാളം സ്വയം വൃത്തിയാ കുന്നത് അങ്ങനെയാണ്. മാസമുറ സമയത്ത് യോനീ സ്രവത്തിന്റെ സ്വഭാ വവും അളവും മാറുന്നു. ഗർഭകാലത്ത് യോനീസ്രവങ്ങൾ തെളിഞ്ഞതും വഴുവഴുപ്പുള്ളതും നിറമില്ലാത്തതുമായിരിക്കും. ഈ സമയത്ത് കൂടുതൽ സ്രവങ്ങൾ ഉണ്ടാകാം. യോനീ സ്രവത്തിൽ നിന്ന് ഏതു തരത്തിലുള്ള അണുബാധയാണ് ഉണ്ടാകുക എന്നു പറയാൻ വിഷമമാണ്. ആരോഗ്യ പ്രവർത്തകരുടെ സഹായത്തോടെ പരിശോധന നടത്തി ഇതു മനസ്സിലാ ക്കാവുന്നതാണ്. ക്യാൻസർപോലെയുള്ള കാരണങ്ങളാലും സ്രവങ്ങൾ ഉണ്ടാ കാം.

പ്രധാനം : വേദനയോടെയുള്ള യോനീസ്രവം ഉണ്ടായാൽ അത് അപകടകാരിയായ അരക്കെട്ടുവീക്കം ആയിരിക്കാം. ഇതിന് എത്രയും വേഗം ചികിത്സ സ്വീകരിക്കേണ്ടതാണ്.



അസാധാരണമായ യോനീ സ്രവമുള്ള സ്ത്രീകൾ അപമാ നവും കുറ്റബോധവും കൊണ്ട് വളരെ മനോസംഘർഷം അനുഭവിക്കുന്നു.

അസാധാരണ സ്രവങ്ങൾ വിവിധങ്ങളായ അണുബാധയാൽ ഉണ്ടാകുന്നു. താഴെ പറയുന്ന അണു ബാധകൾ അവയുടെ സാധാരണ സൂചനകളോടെയാണ് സാധാരണ കാണപ്പെടുന്നത്.

യീസ്റ്റ് (ക്യാൻഡിഡ, വെളുത്ത സ്രവം, ത്രഷ്)

ലൈംഗികമായി പകരുന്നതോ അല്ലെങ്കിൽ സങ്കീർണ്ണമാകുന്നതോ ആയ ഒന്നല്ല എന്നാൽ ജനനേ ന്ദ്രിയത്തിലുണ്ടാകുന്ന കടുത്ത ചൊറിച്ചിൽ ഒരു ശല്യമാണ്. ഗർഭധാരണ സമയം, ആന്റി ബയോട്ടിക്കുക ളുടെ ഉപയോഗം, ഡയബറ്റിസ്, എച്ച്.ഐ.വി /എയ്ഡ്സ് എന്നീ അവസരങ്ങളിൽ യീസ്റ്റ് ബാധയുണ്ടാകാം.

***സൂചനകൾ***

- തൈരുപോലെ കട്ടയായ സ്രവം
- ചിലപ്പോൾ രക്തവാർച്ചയുണ്ടാകുന്ന രീതിയിൽ യോനീ ഭാഗത്തിന്റെ അകത്തും, പുറത്തും കാണുന്ന ചുവന്ന തടിപ്പ്
- യോനീഭാഗത്തിന്റെ അകത്തും, പുറത്തും അനുഭവപ്പെടുന്ന ചൊറിച്ചിൽ
- മൂത്രമൊഴിക്കുമ്പോൾ എരിച്ചിൽ
- ലൈംഗിക ബന്ധത്തിൽ വേദന

**ബാക്ടീരിയൽ വജൈനോസിസ്**



ഇതു ലൈംഗികമായി പകരുന്നില്ല. ഗർഭിണിയാണെങ്കിൽ മാസം തികയാതെ പ്രസവിക്കാം.

*സൂചന :*

- സാധാരണയുള്ളതിനെക്കാൾ കൂടുതൽ യോനീസ്രവം
- മാസമുറസമയത്തും ലൈംഗികബന്ധത്തിനുശേഷവും മത്സ്യഗന്ധം.

*ചികിത്സ :*

- രണ്ടു മരുന്നുകൾ - ഒന്ന് ബോക്സ് എ ൽ നിന്ന്, ബോക്സ് ബി യിൽ നിന്ന് ഒന്ന്.
- പ്രധാനപ്പെട്ട മരുന്നുകൾ യോഗ്യതയുള്ള മെഡിക്കൽ പ്രക്ടീഷനറുടെ മേൽനോട്ടത്തിലായിരിക്കണം.

യോനീസ്രവം നിറമുള്ളതോ ദുർഗന്ധമുള്ളതോ ആയി കണ്ടാൽ അണുബാധയുണ്ടായിരിക്കാം.

**യോനീസ്രവത്തിനുള്ള മരുന്നുകൾ**

ഈ മരുന്നുകൾ യീസ്റ്റ്, ട്രൈക്കോമൊണാസിസ്, ബാക്ടീരിയൽ വജൈനോസ് എന്നിവയെ ശമിപ്പിക്കും.

**മരുന്ന് ബോക്സ് 1 എ (ഒരെണ്ണം എടുക്കുക)**

| *മരുന്ന്* | *അളവ്* | *ഉപയോഗ രീതി* |
|---|---|---|
| കോട്രൈമാക്സസോൾ (ഉള്ളിൽ വയ്ക്കുന്നത്) | 500 മി. ഗ്രാം | യോനീ നാളത്തന്റെ ഏറ്റവും ഉള്ളിലായി ഒരു ദിവസം വച്ചേക്കുക. |
| *അല്ലെങ്കിൽ* ജൻഷൻ വയലറ്റ് | 1% ദ്രാവകം | പഞ്ഞി നനച്ച് യോനീ നാളത്തിന്റെ ഏറ്റവും ഉള്ളിലായി ഓരോ രാത്രിയിലും വയ്ക്കുക. അങ്ങനെ 15 ദിവസം ചെയ്യുക. |

**മരുന്നു ബോക്സ് (ബി)**

| | | |
|---|---|---|
| മെട്രോനിഡാസോൾ | 400 മി. ഗ്രാം | ഒരു ദിവസം രണ്ടു നേരം വീതം 7 ദിവസം (ലൈംഗിക പങ്കാളിയും കഴിക്കണം) |

*പ്രധാനം :* മെട്രോനിഡാസോൾ കഴിക്കുന്ന കാലയളവിൽ മദ്യം കഴിക്കരുത്.

**ലൈംഗികാവയവങ്ങളിൽ പുണ്ണുകളും, വ്രണങ്ങളും.**

ലൈംഗികാവയവങ്ങളിൽ കാണുന്ന മിക്ക പുണ്ണുകളും, വ്രണങ്ങളും പകരുന്നവയാണ്. ഏതു രോഗമാണ് ഇതിനു കാരണം എന്നു പറയുക പ്രയാസമാണ്. എന്തുകൊണ്ടെന്നാൽ സിഫിലിസിന്റെയും ഷാങ്കരോയിഡിന്റെയും പുണ്ണുകളും, വ്രണങ്ങളും ഒരു പോലെയാണിരിക്കുന്നത്. എച്ച്. ഐ.വി / എയ്ഡ്സ് അണുക്കൾ വളരെ വേഗം ബാധിയ്ക്കാൻ ഈ പുണ്ണുകളും വ്രണങ്ങളും കാരണമാകും.



**അരക്കെട്ടു വീക്ക രോഗങ്ങൾ (പി.ഐ.ഡി)**

സ്ത്രീയുടെ അടിവയറിലുള്ള ലൈംഗികാവയവങ്ങളിൽ ഉണ്ടാകുന്ന രോഗത്തെയാണ് അരക്കെട്ടുവീക്കരോഗം എന്നു പറയുന്നത്. ഗോണേറിയ, ക്ലാമിഡിയ എന്നിവയുൾപ്പെടെയുള്ള ലൈംഗിക രോഗങ്ങൾ പൂർണ്ണമായി ചികിത്സിച്ചു ഭേദമാക്കാത്തതിനാലാണ് പി.ഐ.ഡി ഉണ്ടാകുന്നത്. പ്രസവം, ഗർഭമലസൽ എന്നിവ സുരക്ഷിതമില്ലാത്ത സ്ഥലങ്ങളിൽ വച്ചായാലും ഈ രോഗമുണ്ടാകാം.

അരക്കെട്ടുവീക്കരോഗങ്ങൾക്ക് കാരണമായ അണുക്കൾ യോനീ ദ്വാരത്തിലുടെ സഞ്ചരിച്ച് സെർവിക്സ് വഴി ഗർഭപാത്രത്തിലുടെ അണ്ഢവാഹിനിക്കുഴൽ വഴി അണ്ഢാശയത്തിലെത്തുന്നു. ഇത് യഥാസമയം ചികിത്സിച്ചില്ലെങ്കിൽ നീണ്ടു നില്ക്കുന്ന വേദന, രോഗം, മരണം എന്നിവയ്ക്കും ഇടയാക്കിയേക്കാം. അണ്ഢവാഹിനിക്കുഴലിലെ അണുബാധമൂലം ഉണ്ടാകുന്ന തഴമ്പുകൾ വന്ധ്യത, എക്ടോപ്പിക്ക് ഗർഭധാരണം എന്നിവയ്ക്കും ഇടയാക്കും.

പി.ഐ.ഡി തടയുന്നതിന് ശരിയായ രീതിയിൽ ലൈംഗിക രോഗങ്ങൾ ചികിത്സിക്കുക. തീർച്ചയാക്കുക:

- എല്ലാ മരുന്നുകളും കഴിയ്ക്കുക
- ലൈംഗിക പങ്കാളിയും ചികിത്സയെടുക്കുന്നു എന്ന് ഉറപ്പുവരുത്തുക
- എല്ലാ ലക്ഷണങ്ങളും മാറുന്നതുവരെ ലൈംഗികബന്ധം പാടില്ല

*സൂചനകൾ*

(താഴെ പറയുന്ന സൂചനകളിൽ ഒന്നോ അതിലധികമോ കണ്ടേക്കാം)




- അടിവയർ അല്ലെങ്കിൽ മുതുകിന്റെ കീഴ്ഭാഗത്ത് വേദന
- കടുത്ത പനിയും വിറയലും
- അസുഖവും ക്ഷീണവും
- പച്ചയോ മഞ്ഞയോ കലർന്നതും ദുർഗന്ധമുള്ളതുമായ യോനീസ്രവം
- ലൈംഗിക ബന്ധ സമയത്ത് വേദനയോ, രക്തവാർച്ചയോ
- മാസമുറ സമയത്തെ പ്രശ്നങ്ങൾ

*ചികിത്സ :*

താഴെ പറയുന്ന മരുന്നുകൾ ഉടനെ കഴിച്ചു തുടങ്ങുക. രണ്ടു പകൽ, രണ്ടു രാത്രി (48 മണിക്കൂർ), ഛർദ്ദിയുൾപ്പടെയുള്ള ഉയർന്ന പനി, അടുത്തകാലത്ത് പ്രസവം, ഗർഭം അലസൽ എന്നീ സന്ദർഭങ്ങളിൽ ആരോഗ്യകേന്ദ്രത്തിലോ, ആശുപത്രിയിലോ പോകുക, ഞരമ്പിൽ നൽകുന്ന ശക്തിയേറിയ മരുന്ന് ആവശ്യമായി വരും.

**അരക്കെട്ടുവീക്ക രോഗങ്ങൾക്കുള്ള മരുന്നുകൾ**

അണുക്കളുടെ മിശ്രണമാണ് ഈ രോഗത്തിനു കാരണം.

അതിനാൽ മൂന്നു മരുന്നുകൾ ഉപയോഗിക്കണം.

**മരുന്നുബോക്സ് 2**

| മരുന്ന് | അളവ് | ഉപയോഗരീതി |
|---|---|---|
| നോർഫ്ലോക്സാസിൻ | 800 മി. ഗ്രാം | ഒരിക്കൽ മാത്രം കഴിക്കാനുള്ളത് (ഗർഭം, മുലയൂട്ടൽ, 16 വയസിനു താഴെ എന്നീ സന്ദർഭങ്ങൾ ഒഴിവാക്കണം.) |
| & | | |
| ഡോക്സിസൈക്ലിൻ | 100 മി. ഗ്രാം | ദിവസം രണ്ടു നേരം വീതം 10 ദിവസം കഴിക്കുക (ഗർഭം, മുലയൂട്ടൽ മുതലായ സന്ദർഭങ്ങളിൽ ഒഴിവാക്കണം.) |
| & | | |
| മെട്രൊനിഡാസോൾ | 400 മി. ഗ്രാം | ദിവസം മൂന്നു നേരം വീതം 7 ദിവസം കഴിക്കണം. |

*പ്രധാനം* : ഈ മരുന്നുകൾ യോഗ്യതയുള്ള മെഡിക്കൽ പ്രാക്ടീഷനറുടെ മേൽനോട്ടത്തിലാണ് ഉപയോഗിക്കേണ്ടത്.

## അരക്കെട്ടുവീക്ക രോഗങ്ങൾക്കുള്ള മറ്റു മരുന്നുകൾ

*മരുന്നു ബോക്സ് 3*

| *മരുന്ന്* | *അളവ്* | *ഉപയോഗരീതി* |
|---|---|---|
| *നോർഫ്ളോക്സാസിനു പകരം താഴെപറയുന്ന ഏതെങ്കിലും മരുന്ന് ഉപയോഗിക്കാം.* | | |
| കോട്രൈമോക്സസോൾ | 480 മി. ഗ്രാം (80 മി. ഗ്രാം ട്രൈമെത്തോപ്രിം) & 400 മി. ഗ്രാം സൾഫാ മെത്താക്സസോൾ | ദിവസം രണ്ടു തവണ 7 ദിവസം കഴിക്കണം |
| സിപ്രോഫ്ലോക്സോസിൻ | 500 മി. ഗ്രാം | ദിവസം രണ്ടു തവണ വീതം 5–7 ദിവസം (ഗർഭം, മുലയൂട്ടൽ 16 വയസ്സിനു താഴെ എന്നീ സന്ദർഭങ്ങളിൽ ഒഴിവാക്കണം) |
| കനാമൈസിൻ | 2 ഗ്രാം | ഒരിക്കൽ മാത്രം മാംസ പേശിയിൽ കുത്തി വയ്ക്കുക (ഗർഭം, മുലയൂട്ടൽ, കിടപ്പിലല്ലാത്ത രോഗം എന്നീ സന്ദർഭങ്ങളിൽ ഒഴിവാക്കണം) |
| ഡോക്സിസൈക്ലിനു പകരം താഴെപറയുന്നവയിൽ ഒരെണ്ണം ഉപയോഗിക്കാം. | | |
| ടെട്രാസൈക്ലിൻ | 500 മി. ഗ്രാം | ദിവസം 4 നേരം വീതം 10 ദിവസം കഴിക്കുക. (ഗർഭാവസ്ഥ, മുലയൂട്ടൽ എന്നീ സന്ദർഭങ്ങളിൽ ഒഴിവാക്കണം) |
| എറിത്രോമൈസിൻ | 500 മി. ഗ്രാം | ദിവസം 4 നേരം വീതം 2 ദിവസം കഴിയ്ക്കണം. |
| അമോക്സിസിലിൻ | 500 മി. ഗ്രാം | ദിവസം മുന്നു നേരം വീതം 10 ദിവസം കഴിയ്ക്കണം. |

യോഗ്യതയുള്ള മെഡിക്കൽ പ്രാക്ടീഷണറുടെ മേൽനോട്ടത്തിലാണ് മേല്പറഞ്ഞ മരുന്നുകൾ ഉപയോഗിക്കേണ്ടത്.

സൂചനകളുണ്ടെങ്കിൽ നിങ്ങളെ കൂടുതൽ ശല്യപ്പെടുത്തുന്ന പ്രശ്നമെന്താണെന്നു കണ്ടെത്തുണം. പുസ്തകത്തിൽ ഒന്നിൽ കൂടുതൽ ഭാഗങ്ങൾ ശ്രദ്ധിക്കണം.
ഉദാ: നിങ്ങൾക്ക് സ്രവം മാത്രമല്ല ചൊറിച്ചിലും ഉണ്ടെങ്കിൽ ആദ്യം അസാധാരണ സ്രവം നോക്കുക. നിങ്ങളുടെ പ്രശ്നം അവിടെ കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ ജനനേന്ദ്രിയങ്ങളിലെ ചൊറിച്ചിൽ എന്ന ബോക്സ് നോക്കുക.



### ജനനേന്ദ്രിയത്തിലെ ചൊറിച്ചിൽ

ജനനേന്ദ്രിയത്തിലെ ചൊറിച്ചിലിന് പലകാരണങ്ങൾ ഉണ്ടാകും. യോനീ ദ്വാരത്തിനു ചുറ്റുമാണെങ്കിൽ അത് യീസ്റ്റ് അഥവാ ട്രൈക്കോമോണസ് കൊണ്ടായിരിക്കാം. ലൈംഗികാവയവങ്ങളിലെ രോമങ്ങൾ അഥവാ അവയ്ക്കു സമീപമാണെങ്കിൽ അത് പേൻ, ചൊറി എന്നിവകൊണ്ട് ആയിരിക്കാം. മഞ്ഞളും, വേപ്പിലയും കൂടി അരച്ച് ആ ഭാഗത്ത് തേച്ച് ഒരു രാത്രി മുഴുവൻ ഇട്ടേക്കുക. മരുന്നുകൾ മരുന്നു കടകളിൽ ലഭ്യമാണ്.

ഈ ഭാഗം സോപ്പ് (വേപ്പ് സോപ്പ്) ഉപയോഗിച്ച് പലതവണ കഴുകുക.



## ലൈംഗിക രോഗങ്ങൾ (എസ്.ടി.ഡികൾ)

ലൈംഗിക ബന്ധത്തിലൂടെ ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് പകരുന്ന രോഗങ്ങളാണ് എസ്.ടി.ഡി കൾ. യോനീ നാളം, വായ്, മലദ്വാരം എന്നിങ്ങനെ ഏതു തരത്തിലുള്ള ലൈംഗിക ബന്ധമായാലും രോഗം പകരാം. ലൈംഗികാവയവങ്ങൾ തമ്മിൽ സ്പർശിച്ചാൽ പോലും രോഗം പകരും. ഗർഭിണികളിൽനിന്ന് കുഞ്ഞിന് ഗർഭകാലത്തോ, പ്രസവ സമയത്തോ രോഗം പകരാവുന്നതാണ്

**ആർ.ടി. ഐ, എസ്.ടി.ഡി എന്നിവയുടെ ആഗോള ഭാരം**

ഓരോ വർഷവും ഭേദമാക്കാൻ കഴിയുന്ന 333 ദശലക്ഷം പുതിയ എസ്.ടി ഐ കേസുകൾ ഉണ്ടാകുമെന്നാണ് ലോകാരോഗ്യ സംഘടന കണക്കാക്കുന്നത്. യു.എൻ.എ, ഐ.ഡി .എസ് കണക്കനുസരിച്ച് 1997 ൽ മാത്രം 05.08. ദശലക്ഷം ആളുകൾക്ക് എച്ച്. ഐ. വി ബാധ ഉണ്ടായി എന്നാണ്. ലൈംഗികമായിട്ടല്ലാതെ പകരുന്ന ആർ.ടി.ഐ.കൾ ഇതിനേക്കാൾ സാധാരണമാണ്.

**എസ്.ടി.ഡി ഇൻഡ്യയിൽ**

ഓരോ വർഷവും ഇൻഡ്യയിൽ ഉണ്ടാകുന്ന. എസ്.ടി.ഡി. ഏകദേശം 5% ആണ്. (ടി.എൻ. എസ്. ഏ.സി.എസ് / എൻ. എ.സി.ഒ) ഇതിന്റെ അർത്ഥം ഓരോ വർഷവും പുതിയതായ 40 ദശലക്ഷം രോഗപ്പകർച്ചയുണ്ടാകുന്നു എന്നാണ്.

എസ്.ടി.ഡി കൾ ഗ്രാമപ്രദേശത്തും, പട്ടണങ്ങളിലും കണ്ടുവരുന്നു. സ്ത്രീകളിൽ 15 മുൽ 45 വയസ്സുവരെയുള്ളവരിൽ ഇത് വളരെ സാധാരണമായി കണ്ടുവരുന്നു.

സ്ത്രീകൾക്കും, പുരുഷന്മാർക്കും രോഗം ഉണ്ടാകാം. എന്നാൽ സ്ത്രീകളുടെ യോനി നാളവും മറ്റും കൂടുതൽ രോഗസ്പർശ സാധ്യതയുള്ള ഭാഗങ്ങളായതിനാൽ അവരെ രോഗം വേഗം പിടിപെടുന്നു. രോഗം ഗർഭപാത്രം, അണ്ഡാശയം എന്നിവയെ ബാധിക്കുന്നു.

ഒരു സ്ത്രീയ്ക്ക് എസ്.ടി.ഡിയിൽ നിന്ന് രക്ഷ നേടാൻ പ്രയാസമാണ്. എന്തുകൊണ്ടെന്നാൽ അവളുടെ പങ്കാളിയുടെ ആവശ്യത്തിന് അവർക്ക് വഴങ്ങേണ്ടിവരുന്നു. മാത്രവുമല്ല, അയാൾക്ക് വേറെ ബന്ധങ്ങളോ, എസ്.ടി.ഡിയോ ഉണ്ടോ എന്നും അവർക്ക് അറിയാൻ കഴിയുന്നില്ല. രോഗമുള്ള മറ്റേതെങ്കിലും സ്ത്രീയുമായി ബന്ധപ്പെട്ടതിനുശേഷമാണ് ഭാര്യയുമായി ബന്ധപ്പെടുന്നതെങ്കിൽ അവർക്കും രോഗം പിടിപെടാം. ഉറകൾ രണ്ടു പങ്കാളികളെയും സംരക്ഷിക്കും, എന്നാൽ തന്റെ പങ്കാളിയെ ഉറ ഉപയോഗിക്കുന്നതിനു പ്രേരിപ്പിക്കാൻ സ്ത്രീയ്ക്കു കഴിയുകയില്ല.




ലക്ഷണങ്ങൾ പുറത്തു കാണാതെ സ്ത്രീകളിൽ എസ്.ടി.ഡി ഉള്ളത് വളരെ സാധാരണമാണ്. പലപ്പോഴും രോഗിക്ക് കാണാൻ പറ്റാത്ത ഒരു ഭാഗത്ത് വ്രണങ്ങൾ ഉണ്ടായി എന്നു വരാം. രോഗം കണ്ടുപിടിക്കാനുള്ള ടെസ്റ്റുകൾ ഉണ്ടെങ്കിലും അവ ചെലവേറിയതാണ്. ഇവ പല സ്ഥലങ്ങളിലും ലഭ്യമല്ല, ഫലം പലപ്പോഴും കൃത്യവുമല്ല.

എസ്.ടി.ഡി യുടെ ഫലങ്ങൾ സ്ത്രീകളിൽ കൂടുതൽ തീവ്രമാണ്. അത് മാനസികമായ പിരിമുറുക്കത്തിനും കാരണമായിത്തീരുന്നു.

**എസ്.ടി.ഡി ഉള്ളവരിൽ പകുതിയിലധികം പേർക്ക് ഒരു ലക്ഷണവും ഉണ്ടായിരിക്കയില്ല.**

നേരത്തേയുള്ളതും മുഴുവനായുള്ളതുമായ ചികിത്സയെടുത്തിട്ടില്ലെങ്കിൽ എസ്.ടി.ഡി താഴെ പറയുന്നവയിലേക്ക് നയിച്ചേക്കാം.

- സ്ത്രീയിലും പുരുഷനിലും വന്ധ്യത
- ഗർഭം അലസലും മരിച്ച കുഞ്ഞിനെ പ്രസവിക്കലും
- എക്ടോപിക്ക് ഗർഭധാരണം (ഗർഭ പാത്രത്തിനു പുറത്ത് അണ്ഡവാഹിനിക്കുഴലിൽ)
- വളരെ നേരത്തെയുള്ള ശിശു ജനനം (തീരെ ചെറുത് അല്ലെങ്കിൽ അന്ധതയുള്ളത്).
- നവജാതരിലെ ന്യൂമോണിയ
- അടിവയറിലെ നിലയ്ക്കാത്ത വേദന
- സർവിക്സ് ക്യാൻസർ
- എച്ച്. ഐ. വി. യും എയ്ഡ്സും
- കടുത്ത അണുബാധമൂലമുള്ള മരണം അല്ലെങ്കിൽ എയ്ഡ്സ്.

**ഇരു പങ്കാളികളിലെയും എസ്.ടി.ഡി. ആരംഭത്തിൽ തന്നെ പൂർണ്ണമായും ചികിത്സിച്ചാൽ വളരെ ഗുരുതരമായ പ്രശ്നങ്ങൾ ഉണ്ടാകാതെ നോക്കാൻ കഴിയും.**

**ഒരു ഗ്രാമീണ വിവാഹിതയുടെ വിലാപം**

എന്റെ ഭർത്താവ് ഞങ്ങളുടെ ഗ്രാമത്തിൽ നിന്ന് വളരെ അകലെയുള്ള പട്ടണത്തിലാണ് ജോലിചെയ്യുന്നത്. വർഷത്തിൽ രണ്ടു തവണ മാത്രമേ എന്നെ കാണാൻ വീട്ടിൽ വന്നിരുന്നുള്ളൂ. എന്റെ അടിവയറ്റിൽ ഭയങ്കരമായ വേദനയും, പനിയും പിടിപെട്ട് എനിക്ക് സുഖമില്ലാതെയായി. എന്റെ രോഗത്തിനു കാരണമെന്താണെന്ന് എനിക്ക് അറിയില്ലായിരുന്നു. നാട്ടിലെ ഒരു വൈദ്യനിൽ നിന്നു മരുന്നുവാങ്ങി ഉപയോഗിച്ചു. പക്ഷേ അതു ഫലം ചെയ്തില്ല. ഏതെങ്കിലും സഹായം ആവശ്യമായിരുന്നതിനാൽ എന്റെ ഗ്രാമം വിടാൻ എനിക്ക് കഴിയുകയില്ലായിരുന്നു. എന്തുകൊണ്ടെന്നാൽ കുഞ്ഞുങ്ങളെ തനിച്ചാക്കണം, മാത്രമല്ല, എന്റെ കൈയിൽ ആവശ്യത്തിനു പണവുമില്ലായിരുന്നു. എനിക്കു തീരെ വയ്യാതെയായി. ഞാൻ മരിച്ചുപോകുമെന്നു അയൽക്കാർ കരുതി. അതുകൊണ്ട് അവർ എന്നെ ഒരു വാഹനത്തിൽ കയറ്റി ഏറ്റവും അടുത്ത് 90 കി.മീ അകലെയുള്ള ആശുപത്രിയിൽ കൊണ്ടുപോയി. എനിക്ക് ഗോണേറിയ ബാധിച്ചിരിക്കുകയാണെന്നും, ചെലവേറിയ ശസ്ത്രക്രിയയും, മരുന്നുകളും വേണ്ടിവരുമെന്നും ആശുപത്രിയിലെ ഡോക്ടർ പറഞ്ഞു. ഇനി കുട്ടികളുണ്ടാകുകയില്ലെന്നും അദ്ദേഹം പറഞ്ഞു. രോഗം ഉണ്ടായപ്പോൾ തന്നെ ശരിയായ മരുന്നുകൾ കഴിച്ചിരുന്നെങ്കിൽ എന്ന് ഞാൻ ഇപ്പോൾ ആഗ്രഹിച്ചു പോവുകയാണ്.



ഇൻഡ്യൻ കടലോര ഗ്രാമ പ്രദേശത്തിലെ ഒരു സ്ത്രീ

**നിങ്ങൾ എസ്.ടി.ഡി യുടെ അപകടത്തിലാണോ എന്ന് എങ്ങനെ അറിയും?**

***നിങ്ങളിൽ സൂചനകളൊന്നുമില്ലെങ്കിലും, താഴെ പറയുന്ന സാഹചര്യങ്ങളിൽ അപകടമുണ്ടാകാം.***

- നിങ്ങളുടെ പങ്കാളിയ്ക്ക് എസ്.ടി.ഡി.യുടെ സൂചനകളുണ്ടെങ്കിൽ അയാൾ നിങ്ങളിലേക്ക് പകർത്തിയതാകാം.
- ഒന്നിൽ കുടുതൽ ലൈംഗിക പങ്കാളികളുണ്ടെങ്കിൽ
- പങ്കാളി വീട്ടിൽ നിന്ന് അകന്ന് താമസിക്കുകയാണെങ്കിൽ

***എസ്. ടി. ഡി. ചികിത്സിച്ചില്ലെങ്കിൽ പുരുഷന്മാരെയും അപകടപ്പെടുത്താം. പുരുഷന്മാരിൽ അത് താഴെപറയുന്ന സ്ഥിതിവിശേഷങ്ങൾ ഉണ്ടാക്കുന്നു.***

- വന്ധ്യത
- നീണ്ടുനിൽക്കുന്ന വേദന
- എയ്ഡ്സ് അല്ലെങ്കിൽ ഗുരുതരമായ അണുബാധകൊണ്ടുള്ള മരണം



**എസ്.ടി.ഡി ഏതെല്ലാം തരത്തിൽ?**

**ട്രൈക്കോമൊണാസിസ്**

ഇത് ഒരു അപകടകാരിയായ രോഗമല്ല. എന്നാൽ ഇതു കാരണമുള്ള ചൊറിച്ചിൽ, പരിതാപകരമാണ്. ഇതു ബാധിച്ചവരുടെ ലിംഗത്തിൽ നിന്നും വെള്ളനിറത്തിൽ വെള്ളം പോലെയോ പച്ചനിറത്തിൽ ഉള്ളതോ ആയ ദ്രാവകം ഉണ്ടാകുകയും മൂത്രമൊഴിക്കുമ്പോൾ അസ്വസ്ഥതയുണ്ടാകുകയും ചെയ്യും. അല്ലെങ്കിൽ ഒരു ലക്ഷണവും കാണിക്കാതെ ഇരിക്കുകയുമാവാം. എന്നാലും രോഗം മറ്റുള്ളവരിലേക്ക് പകർത്താൻ സാധിക്കും.

**സൂചനകൾ: (സ്ത്രീയിൽ)**



- മഞ്ഞയോ ചാരനിറത്തിലുള്ളതോ ആയ കുമിളകളോടുകൂടിയ യോനീസ്രവം.
- സ്രവത്തിന് ദുർഗന്ധം.
- ചുവന്ന് ചൊറിച്ചിലുള്ള ലൈംഗിക ഭാഗങ്ങൾ.
- മൂത്രമൊഴിക്കുമ്പോൾ നീറ്റലും വേദനയും.

**മേൽപ്പറഞ്ഞ ലക്ഷണങ്ങൾ കൂടാതെ തന്നെ രോഗം നിലനില്ക്കാം**

**ഗൊണോറിയയും ക്ലാമിഡിയായും**

ഗൊണോറിയയും ക്ലാമിഡിയായും ഗുരുതരങ്ങളായ രോഗങ്ങളാണ്. എന്നാൽ തുടക്കത്തിലേ ചികിത്സിക്കുകയാണെങ്കിൽ അവയെ എളുപ്പത്തിൽ സുഖപ്പെടുത്താം. ചികിത്സിച്ചില്ലെങ്കിൽ സ്ത്രീകളിലും പുരുഷന്മാരിലും കടുത്ത രോഗവും വന്ധ്യതയും ഉണ്ടാകും.

പുരുഷനിൽ, രോഗമുള്ള വ്യക്തിയുമായി ലൈംഗികബന്ധം നടന്നതിനു ശേഷം 2-5 ദിവസത്തിനുള്ളിൽ സൂചനകൾ കണ്ടു തുടങ്ങും. എന്നാൽ സ്തീയിൽ അണുബാധ ഉണ്ടായാലും മാസങ്ങളോളം ലക്ഷണങ്ങളൊന്നും കൂടാതെ കഴിഞ്ഞെന്നു വരാം. അപ്പോഴും ആ സ്ത്രീയ്ക്ക് ലൈംഗിക ബന്ധത്തിലേർപ്പെടുന്ന വ്യക്തിയിലേയ്ക്ക് രോഗം പകർത്താൻ കഴിയും.

***സ്ത്രീയിലെ സൂചനകൾ*** :

- അസുഖകരമായ ഗന്ധത്തോടെ യോനീനാളത്തിൽ നിന്നോ മലദ്വാരത്തിൽ നിന്നോ ഉണ്ടാകുന്ന മഞ്ഞയോ പച്ചയോ ആയ സ്രവം.
- മൂത്രമൊഴിക്കുമ്പോൾ വേദന, നീറ്റൽ, കൂടാതെ തുടരെയുള്ള മൂത്രമൊഴിക്കലും
- പനി
- അടിവയറ്റിൽ വേദന
- ലൈംഗിക ബന്ധസമയത്ത് വേദനയും രക്തസ്രാവവും
- അല്ലെങ്കിൽ ഒരു സൂചനയുമില്ലാതിരിക്കുക



***പുരുഷന്മാരിലെ സൂചനകൾ :***

- ലിംഗത്തിൽ നിന്ന് സ്രവം
- മൂത്രമൊഴിക്കുമ്പോൾ എരിച്ചിൽ
- വൃഷണങ്ങളിൽ വേദനയും വീക്കവും
- ഒരു സൂചനയുമില്ലാതിരിക്കുക



**ഗൊണേറിയയ്ക്കും ക്ലാമിഡിയായ്ക്കും ഒരേ സൂചനകളാണുള്ളത്. അതുകൊണ്ട് രണ്ടിനും ഒരുമിച്ച് ചികിത്സ ചെയ്യണം**

**യോനീസ്രവത്തിനുള്ള മരുന്നുകൾ**

**ലൈംഗിക രോഗമുണ്ടെന്ന് തോന്നുന്ന സ്ത്രീകൾ കഴിക്കേണ്ടതായ മരുന്നുകൾ**

(ഈ മരുന്നുകൾ ഗൊണേറിയ, ക്ലാമീഡിയ, ട്രൈക്കോമൊണാസിസ് എന്നീ രോഗങ്ങളെ ഭേദമാക്കും.)

**മരുന്ന് ബോക്-് 4**

| മരുന്ന് | ഡളവ് | ഉഡയോഗ രീതി |
|---|---|---|
| താഴെപ്പറയുന്ന എല്ലാ മരുന്നുകളും ഉഡയോഗിക്കണം | | |
| നോർഫ്ളോക്സാ-1ൻ & | 800 മി.ഗ്രാം ഗുളിക | ഒരിക്കൽ മാത്രം കഴിക്കുക |
| ഡോക്-ിസൈ-ക്ലിൻ & | 100 മി.ഗ്രാം | ദിവ-ം രണ്ടുനേരം വീതം 7 ദിവ-ം കഴിക്കണം. (ഗർഭിണികൾ മുലയൂട്ടുന്നവർ ഇത് ഒഴിവാക്കണം) |
| മെട്രാനിഡാ-ോൾ | 2ഗ്രാം (2000മി.ഗ്രാം) | എല്ലാ, ഗുളികകളും ഒരുമിച്ച് കഴിക്കണം. (ഗർഭിണികൾ ഇത്രയും ഒരുമിച്ച് കഴിക്കുവാൻ ഡാടില്ല. 400 മി.ഗ്രാം. ദിവ-ം രണ്ടുനേരം വീതം 7 ദിവ-ം കഴിക്കണം) |

യോഗ്യതയുള്ള മെഡിക്കൽ ഡ്രാക്ടീഷണറുടെ മേൽനോട്ടത്തിലാണ് ഈ മരുന്നുകൾ കഴിക്കേണ്ടത്.

**യോനീ്ര-വത്തിനുള്ള മറ്റു മരുന്നുകൾ**

ലൈംഗിക രോഗത്തിന്റെ ഡഡകട-ാധ്യതയുള്ള -്ത്രീകൾക്ക് ക്ലാമീഡിയ, ഗൊണേറിയ എന്നിവയ്ക്കുള്ള മരുന്നു കൂടി ഈ ബോക്-ിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ രോഗങ്ങളെ വേർതിരിച്ച് ഡറയുന്നത് ഡ്രയാ-മായതുകൊണ്ട് രണ്ടിനും കൂടി മരുന്നു കഴിക്കണം. ഈ മരുന്നുകൾ ഡുരുഷന്മാർക്കുണ്ടാകുന്ന രോഗങ്ങളെയും ഭേദമാക്കും.

ട്രൈക്കോ മൊണാ-ി-് ചികിത്സക്ക് മെട്രോനിഡാ-ോൾ ഉപയോഗിക്കാം. മരുന്ന് (ബോക്-് 1-B)

**മരുന്ന് ബോക്-് 5**

| മരുന്ന് | ഡളവ് | ഉഡയോഗരീതി് |
|---|---|---|
| ഗൊണേറിയയ്ക്ക് നോർഫ്ലാക്-ിൻ | 800 മി.ഗ്രാം | ഒരിക്കൽ മാത്രം കഴിക്കുക |
| ഡല്ലെങ്കിൽ സിഡ്രോഫ്ളോക്സാ-1ൻ | 500 മി.ഗ്രാം | ഒരിക്കൽ മാത്രം കഴിക്കുക |
| (ഗർഭിണികൾ, മുലയൂട്ടുന്നവർ, 16 വയ-ിനു താഴെ ഡ്രായമുള്ളവർ മേൽപ്പറഞ്ഞ രണ്ടും കഴിക്കരുത്) | | |
| & ഡല്ലെങ്കിൽ കനാമൈ-ിൻ | 2 ഗ്രാം | ഒരു തവണ മാം-ഡേശിയിൽ കുത്തിവെയ്ക്കുക. (ഗർഭിണികൾക്കും,മുലയൂട്ടുന്നവർക്കും ഡാടില്ല) |
| ക്ലാമിഡിയായ്ക്ക്: ടെട്രാസൈ-ക്ലിൻ | 500 മി.ഗ്രാം | ദിവ-ം 4 വീതം 7 ദിവ-ം കഴിക്കണം. (ഗർഭിണികൾ, മുലയൂട്ടുന്നവർ കഴിക്കരുത്) |
| ഡല്ലെങ്കിൽ എറിത്രോമൈ-ിൻ | 500 മി.ഗ്രാം | ദിവ-ം 4 നേരം വീതം 7 ദിവ-ം |
| ഡല്ലെങ്കിൽ ഡമോക്-ി-ിലിൻ | 500മി. ഗ്രാം | ദിവ-ം 3 നേരം വീതം 7 ദിവ-ം |

മേൽഡറഞ്ഞ മരുന്നുകൾ യോഗ്യതയുള്ള മെഡിക്കൽ ഡ്രാക്ടീഷനറുടെ മേൽനോട്ടത്തിലാണ് കഴിക്കേണ്ടത്



**ഡനനേന്ദ്രിയത്തിലെ ഡരിമ്പാറകൾ**

ഹ്യൂമൻ ഡാപ്പില്ല്യോമ (HPV) വൈറ-ുകളാണ് ഡനനേന്ദ്രിയത്തിലെ ഡരിമ്പാറയ്ക്കകാരണം. ഡനനേന്ദ്രിയത്തിലെ ഡരിമ്പാറകൾ ശരീരത്തിലെ മറ്റു ഭാഗങ്ങളിലുണ്ടാകുന്നതു ഡോലെ തന്നെയായിരിക്കും. ഡനനേന്ദ്രിയത്തിൽ ഡരിമ്പാറകൾ ഉണ്ടായിരിക്കുമ്പോൾതന്നെ ഡത് ഡറിയണമെന്നില്ല, വിശേഷിച്ച് ഡത് യോനീനാളത്തിനുള്ളിലും, ലിംഗാഗ്രത്തിന്റെയുള്ളിലും ആയിരിക്കുമ്പോൾ. ചികിത്- കൂടാതെ തന്നെ ഡരിമ്പാറകൾ മാറികൊള്ളുമെങ്കിലും, ഡതു വളരെകാലമെടുക്കും -ാധാരണയായി, ഡത് വഷളാകുമെന്നതിനാൽ ചികിത്-യെടുക്കേണ്ടതാണ്.

***സൂചനകൾ*** :

1. ചൊറിച്ചിൽ
2. ഡരുക്കനായ ഉഡരിതലത്തോടുകൂടിയ വെളുത്തതോ ബ്രൗൺ നിറത്തിലോ ഉള്ള തടിപ്പുകൾ
3. -്തീകളിൽ ഈ തടിപ്പുകൾ യോനീഡുടത്തിന്റെ മടക്കുകൾക്കുള്ളിൽ, യോനീനാളം, മലദ്വാരത്തിന്റെ വശങ്ങൾ എന്നിവിടങ്ങളിൽ കാണപ്പെടുന്നു.
4. ഡുരുഷന്മാരിൽ ഇത് ലിംഗം (ഡല്ലെങ്കിൽ ലിംഗത്തിന്റെ ഉൾഭാഗം) വൃഷണ-ഞ്ചി, മലദ്വാരത്തിന്റെ വശങ്ങൾ എന്നിവിടങ്ങളിൽ കാണപ്പെടുന്നു.




-്ത്രീയുടെ ഡരിമ്പാറ ഭേദമാകുന്നതുവരെ ലൈംഗികബന്ധത്തിലേർപ്പെടുമ്പോൾ ഭർത്താവ് ഉറ ധരിക്കണം

ഗർഭകാലത്ത് ഡരിമ്പാറ വേഗം വളരുന്നു. ഇതു വളരെയുണ്ടെങ്കിൽ ഡ്ര-വത്തിനു ഡ്രശ്നമാകാം. ഡതിനെക്കുറിച്ച് ആരോഗ്യഡ്രവർത്തകരോട് -ം-ാരിക്കുക.

***ചികിത്സ*** :

- ഡെട്രോളിയം ഡൽ ഡഥവാ ഡതുഡോലെ വഴുവഴുപ്പുള്ള മരുന്നുകൾ ആരോഗ്യമുള്ള തൊലിയെ -ംരക്ഷിക്കാൻ ഡരിമ്പാറയ്ക്ക് ചുറ്റും ഡുരട്ടുക
- തീപ്പെട്ടിക്കോലുഡോലുള്ള ചെറിയ കമ്പ് ഉഡയോഗിച്ച് ഡല്ഡം ട്രൈക്ലോറോ ഡ-റ്റിക്ക് ആ-ിഡ് (TCA) എടുത്ത് ഡരിമ്പാറയുടെ നിറം വെള്ളയാകുന്നതുവരെ ഡതിന്റെ മീതെ വയ്ക്കുക.

ഡല്ലെങ്കിൽ

മേൽഡറഞ്ഞ രീതിയിൽ 20% ഡോഡോഫിലിൻ സൊല്യൂഷൻ എടുത്ത് ഡരിമ്പാറ ബ്രൗൺ നിറം ആകുന്നതുവരെ ഡതിന്റെ മീതെ വയ്ക്കുക. ആറു മണിക്കൂറിനുശേഷം ഇതു കഴുകികളയണം. ഗർഭിണികൾ ഇത് ഉഡയോഗിക്കരുത്.

ചികിത്- ഫലഡ്രദമാകുന്നുണ്ടെങ്കിൽ ഡരിമ്പാറയിൽ വേദനയുള്ള വ്രണമുണ്ടാകും. വ്രണം വൃത്തിയായും ഈർപ്പമില്ലാതെയും -ൂക്ഷിക്കണം. ലൈംഗികബന്ധം കഴിവതും ഒഴിവാക്കണം. ഡഥവാ ബന്ധപ്പെടുകയാണെങ്കിൽ ഡുരുഷൻ ഉറ ധരിക്കണം. വ്രണം രണ്ടാഴ്ചയ്ക്കുള്ളിൽ ഭേദമാകും. എന്നാൽ ഇതിനിടയിൽ ഇതു ഡകരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഡരിമ്പാറ മുഴുവനായി മാറുന്നതിന് ഡല ചികിത്-കളും വേണ്ടിവരും. ഏത് രീതി തിരഞ്ഞെടുക്കുന്നു എന്നത് ഡ്രശ്നമല്ല. തീരെ ഡ-ഹ്യത തോന്നുകയാണെങ്കിൽ ചികിത്- ഡല്ഡം വൈകി മതി.

***പ്രധാനം:*** -്തീയെ -ംബന്ധിച്ചിടത്തോളം ലൈംഗിക ഡരിമ്പാറയുണ്ടാകുകയാണെങ്കിൽ ഒന്നുരണ്ടുവർഷത്തിലൊരിക്കൽ ഡാഡ് ടെസ്റ്റ് നടത്തേണ്ടതാണ്.

**ജനനേന്ദ്രിയത്തിലെ വ്രണങ്ങൾ**

**ജനനേന്ദിയത്തിൽ വ്രണങ്ങളുണ്ടാകുന്നതിനുള്ള കാരണങ്ങൾ.**

ജനനേന്ദ്രിയത്തിൽ കാണുന്ന വ്രണങ്ങൾ പകർച്ചാസ്വഭാവമുള്ളവയാണ്. ഏതുരോഗമാണ് വ്രണങ്ങൾക്ക് കാരണമെന്നു പറയുക പ്രയാസമാണ്. എന്തുകൊണ്ടെന്നാൽ സിഫിലിസും ഷാങ്കരോയിഡും കാണിക്കുന്ന സൂചനകൾ ഒരുപോലെയുള്ളവയാണ്. ജനനേന്ദ്രിയത്തിലെ വ്രണങ്ങൾ എയ്ഡ്സ് വൈറസിനു പ്രവേശിക്കാനുള്ള എളുപ്പമാർഗ്ഗമാണ്.

| |
|---|
| **ജനനേന്ദ്രിയത്തിൽ ടെസ്റ്റിനു വിധേയമാക്കാത്ത വ്രണങ്ങൾ കണ്ടാൽ സിഫിലിസിനുള്ള രക്ത പരിശോധന നടത്തണം.** |

**സിഫിലിസ്**

ശരീരത്തിലാകെ വർഷങ്ങളോളം ഫലമുളവാക്കുന്ന ഒരു ഗുരുതരമായ രോഗമാണ് സിഫിലിസ്. ആരംഭത്തിൽ തന്നെ ചികിത്സിച്ചാൽ ഭേദമാകുന്നു. ഒരുതരം ബാക്ടീരിയയാണ് രോഗകാരണം.

***സൂചനകൾ***

- വളരെ ചെറിയകുരുക്കൾ, ചുണങ്ങ്, നനവുള്ള അരിമ്പാറ എന്നിവ പോലെ പുണ്ണിന്റെ രൂപത്തിൽ ആദ്യം പ്രത്യക്ഷപ്പെടുന്നു. ഇവ ഏതാനും ദിവസങ്ങളോ ആഴ്ചകളോ കഴിഞ്ഞ് തനിയെ ഇല്ലാതാകുന്നു. പിന്നീട് രോഗം ശരീരം മുഴുവൻ വ്യാപിക്കുന്നു.
- ആഴ്ചകൾക്കോ മാസങ്ങൾക്കോ ശേഷം തൊണ്ടവ്രണം, പനി എന്നിവയും കൈവെള്ളയിലും കാൽ വെള്ളയിലും ചിരങ്ങുകൾ ഉണ്ടാകുകയും ചെയ്യുന്നു. വായ്പുണ്ണ്, സന്ധിവീക്കം എന്നിവയുമുണ്ടാകുന്നു. ഈ സന്ദർഭത്തിൽ രോഗം പകരുന്നതാണ്.




മേൽപറഞ്ഞ എല്ലാ ലക്ഷണങ്ങളും സ്വയം അപ്രത്യക്ഷമാകുന്നു. എന്നാൽ രോഗം തുടരുന്നു. ചികിത്സിക്കാതിരുന്നാൽ ഹൃദയരോഗങ്ങൾ, പക്ഷാഘാതം, മനോരോഗങ്ങൾ എന്നിവയുണ്ടാകാം. മരണവും സംഭവിക്കാം.

| |
|---|
| **ഗർഭിണികൾ സിഫിലിസിനുള്ള രക്ത പരിശോധന നടത്തണം** |

| |
|---|
| **ഗർഭവും സിഫിലിസും :** ഒരു ഗർഭിണിക്ക് സിഫിലിസ് നവജാത ശിശുവിലേക്ക് പകർത്താൻ കഴിയും. അക്കാരണത്താൽ മാസം തികയാതെയോ, അംഗവൈകല്യത്തോടെയോ,മരിച്ചതോ ആയ ശിശു ജനിക്കുന്നു. ഗർഭിണിയായിരിക്കുമ്പോൾ രക്തപരിശോധന നടത്തുന്നതിലൂടെ ഇതു തടയാവുന്നതാണ്. ഒരു ഗർഭിണിയും അവരുടെ പങ്കാളിയും സിഫിലിസ് ഉള്ളവരാണെന്ന് തെളിഞ്ഞാൽ 2.4 ദശലക്ഷം യൂണിറ്റ് ബെൻസാതൈൻ പെൻസിലിൻ ആഴ്ചയിൽ ഒന്നു വീതം മൂന്ന് ആഴ്ച മാംസപേശിയിൽ കുത്തിവയ്ക്കണം. |




**ഷാങ്കരോയിഡ്**

ഷാങ്കരോയിഡ് ബാക്ടീരയാൽ ഉണ്ടാകുന്ന ഒരു രോഗമാണ്. തുടക്കത്തിലാണെങ്കിൽ അത് മരുന്ന് ഉപയോഗിച്ച് ചികിത്സിച്ച് ഭേദമാക്കാം.

***സൂചനകൾ***

- വേഗത്തിൽ രക്തം പൊടിയുന്ന രീതിയിൽ ജനനേന്ദ്രിയം, മലദ്വാരം എന്നിവിടങ്ങളിൽ കാണുന്ന വേദനയുള്ള മൃദുലമായ വ്രണങ്ങൾ.
- തുടയിടുക്കിലുണ്ടാകുന്ന വേദനയുള്ള വീക്കം.
- ചെറിയ പനി



**ലൈംഗികാവയവങ്ങളിലെ വ്രണങ്ങൾക്കുള്ള മരുന്നുകൾ**

(ഈ മരുന്നുകൾ സിഫിലിസിനെയും ഷാങ്കരോയിഡിനെയും ഭേദമാക്കും.)

***മരുന്ന് ബോക്സ് 6***

| **മരുന്ന്** | **അളവ്** | **എപ്പോൾ എങ്ങനെ ഉപയോഗിക്കണം** |
|---|---|---|
| ബെൻസാതൈൻ പെൻസിലിൻ | 2.4 ദശലക്ഷം യൂണിറ്റ് | മാംസപേശികൾ ഒരു ഇൻജക്ഷനും |
| എറിത്രോമൈസിൻ | 500 മി.ഗ്രാം | ദിവസം മൂന്നുനേരം വീതം 7 ദിവസം |

***പ്രധാനം***

- ഏഴ് ദിവസത്തിനു ശേഷം വീണ്ടും വ്രണം കണ്ടാൽ ഏഴ് ദിവസത്തേയ്ക്കു കൂടി എറിത്രോ മൈസിൻ കഴിയ്ക്കുക.
- പെൻസിലിനോട് അലർജിയുണ്ടെങ്കിൽ എറിത്രോമൈസിൻ 500 മി.ഗ്രാം മാത്രം ദിവസം 3 നേരം വച്ച് 15 ദിവസം കഴിക്കുക.

യോഗ്യതയുള്ള ഒരു മെഡിക്കൽ പ്രാക്ടീഷനറുടെ മേൽ നോട്ടത്തിൽ വേണം ഈ മരുന്നുകൾ കഴിക്കേണ്ടത്.

**ജനനേന്ദ്രിയ വ്രണങ്ങൾക്കുള്ള മറ്റു മരുന്നുകൾ**

(ഈ മരുന്ന് സിഫിലസ്, ഷാങ്കരോയ്ഡ് എന്നിവയ്ക്കുള്ളതാണ്. ജനനേന്ദ്രിയ വ്രണങ്ങൾക്കുള്ള കാരണം പറയുക പ്രയാസമായതുകൊണ്ട് സിഫിലിസിനും, ഷാങ്കരോയ്ഡിനും ചികിത്സിക്കണം).

**മരുന്നു ബോക്സ് 7**

| **മരുന്ന്** | **അളവ്** | **ഉപയോഗരീതി** |
|---|---|---|
| **സിഫിലിസിസ്** | | |
| ബേൻസാതൈൻ പെനിസില്ലിൻ | 2.4 ദശലക്ഷം യൂണിറ്റ് | ഒരു തവണ മാത്രം മാംസപേശിയിൽ കുത്തിവയ്ക്കണം |
| പെനിസില്ലിൻ അലർജിയുള്ളവർ പകരമായി | | |
| ഡോക്സിസൈക്ലിൻ | 100 മി. ഗ്രാം | ദിവസം നാലു നേരം വീതം 15 ദിവസം കഴിക്കണം (ഗർഭിണികളും, മുലയൂട്ടുന്നവരും കഴിക്കരുത്) |
| *അല്ലെങ്കിൽ* | | |
| ടെട്രാസൈക്ലിൻ | 500 മി. ഗ്രാം | ദിവസം നാലു നേരം വീതം 15 ദിവസം (ഗർഭിണികളും, മുലയൂട്ടുന്നവരും കഴിയ്ക്കരുത്) |
| അല്ലെങ്കിൽ | | |
| എറിത്രോമൈസിൻ | 500 മി. ഗ്രാം | ദിവസം നാലു നേരം വീതം 15 ദിവസം (ഇതു ഷാങ്കരോയിഡും, ശമിപ്പിക്കുന്നു) |
| **ഷാങ്കരോയിഡ്ന്** | | |
| എറിത്രോമൈസിൻ | 500 മി. ഗ്രാം | ദിവസം 3 നേരം വീതം 7 ദിവസം കഴിയ്ക്കണം. |
| ഷാങ്കരോയിഡ്നുള്ള മറ്റു മരുന്നുകൾ | | |
| സിപ്രോഫ്ളോക്സേസിൻ | 500 മി. ഗ്രാം | കഴിയ്ക്കണം. (ഗർഭിണികളും, മുലയൂട്ടുന്നവരും, 16 വയസ്സിനു താഴെയുള്ളവരും കഴിയ്ക്കരുത്. |
| അല്ലെങ്കിൽ കോട്രൈമോസക്സസോൾ | 480 മി. ഗ്രാം | രണ്ടു ഗുളിക വീതം ദിവസം 2 നേരം 7 ദിവസം. |

(80 മി. ഗ്രാം ട്രൈമെത്തോപ്രിമും
400 മി. ഗ്രാം സെൽഫാമെതോക്സസോളും)

ഈ മരുന്നുകൾ യോഗ്യതയുള്ള മെഡിക്കൽ പ്രാക്ടീഷനരുടെ മേൽനോട്ടത്തിലാണ് ഉപയോഗിക്കേണ്ടത്.

*പ്രധാനം*: ഒരു വ്രണത്തിലൂടെ ലൈംഗികബന്ധസമയത്ത് എയ്ഡ്സ് വൈറസുകൾ വേഗം പ്രവേശിക്കും. എച്ച്.ഐ.വി/എയ്ഡ്സ് പടരുന്നതു തടയുന്നതിന് പങ്കാളികൾക്ക് വ്രണമുള്ളപ്പോൾ ലൈംഗികബന്ധം ഒഴിവാക്കണം.

ലൈംഗികാവയവങ്ങളിലെ വ്രണങ്ങൾ വൃത്തിയായി സൂക്ഷിക്കണം. അവ എല്ലാ ദിവസവും സോപ്പും വെള്ളവും ഉപയോഗിച്ച് വൃത്തിയാക്കിയതിനു ശേഷം ഉണക്കുക. ഒരാൾ ഉപയോഗിക്കുന്ന തുണികൾ മറ്റൊരാൾക്ക് കൊടുക്കരുത്.

എയ്ഡ്സ് ഉള്ള വ്യക്തിക്ക് ഹെർപ്പീസ് ബാധയുണ്ടാവുന്നതും, അങ്ങനെയായാൽ അതു ഭേദമാകാൻ താമസിക്കുന്നതുമാണ്.

**ലൈംഗികാവയ ഹെർപ്പിസ്**

വൈറസ് ഉണ്ടാക്കുന്ന ഒരു ലൈംഗികരോഗമാണ് ഹെർപ്പിസ്. അത് വായിലോ ലൈംഗികാവയവങ്ങളിലോ ഉണ്ടാകാം. ഇതിന്റെ വ്രണങ്ങൾ മാസങ്ങളോ വർഷങ്ങളോ ആയി വന്നും പോയും ഇരിക്കും. ഇതിന് ചികിത്സയുണ്ട്.

ജലദോഷം, പനി, എന്നിവയുണ്ടാകുമ്പോൾ പ്രായമായവരുടെയും കുഞ്ഞുങ്ങളുടെയും വായിൽ ഹെർപ്പിസ് വ്രണങ്ങൾ പ്രത്യക്ഷപ്പെടുന്നു.




***സൂചനകൾ***

- സൂചികുത്തുന്നതുപോലെ തോന്നുക, ചൊറിച്ചിൽ, നീറ്റൽ എന്നിവ തൊലിപ്പുറം, ജനനേന്ദ്രിയം, തുട മുതലായ സ്ഥലങ്ങളിൽ അനുഭവപ്പെടുക.
- പൊട്ടുന്ന ചെറിയ ചൊറികൾ ജനനേന്ദ്രിയത്തിൽ വേദനയുള്ള വ്രണമായി തീരുന്നു. ആദ്യത്തെ തവണ ഹെൽപീസ് വ്രണങ്ങൾ ബാധിക്കുമ്പോൾ അതു മൂന്ന് ആഴ്ചയോളം നീണ്ടുനില്ക്കുന്നു.
- തലവേദന, പനി, ശരീരവേദന, കുളിര്, തുടയിടുക്കിൽ വേദന, അടുത്ത അണുസംക്രമണം ലഘുവായിരിക്കും

***ചികിത്സ:***



സ്ഥിതിമെച്ചപ്പെടുത്താൻ

- വ്രണങ്ങൾ പ്രത്യക്ഷപ്പെടുമ്പോൾ തന്നെ അതിൽഐസ് വയ്ക്കുക
- കട്ടൻചായയിൽ മുക്കിയ കിഴി വ്രണത്തിന് മീതെ വയ്ക്കുക
- ഒരു പാത്രത്തിൽ തണുത്ത വെള്ളം പകർന്ന് അതിൽ ഇരിക്കുക
- അപ്പക്കാരമോ, ധാന്യമാവോ പേസ്റ്റരൂപത്തിലാക്കി വ്രണമുള്ള സ്ഥലത്ത് വയ്ക്കുക
- സൂചനകൾ വീണ്ടും കാണുകയാണെങ്കിൽ സിക്ലോവിർ എന്ന മരുന്ന് ഉപയോഗിക്കുക. ഹെർപ്പീസ് മുഴുവനായി മാറ്റാൻ കഴിയുകയില്ലെങ്കിലും വേദനയകറ്റാനും ലക്ഷണങ്ങൾ മാറ്റാനും അതു വളരെ സഹായിക്കും.

*പ്രധാനം :*

- വ്രണങ്ങളിൽ തൊട്ടുപോയാൽ സോപ്പും വെള്ളവും ഉപയോഗിച്ച് കൈ കഴുകുക.
- സ്വന്തം കണ്ണുകളും കുഞ്ഞുങ്ങളുടെകണ്ണുകളും തൊടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം, ഹെർപ്പിസ് ബാധ കണ്ണിലുണ്ടാകുന്നത് വളരെ ഗുരുതരമാണ്.
- ഹെർപ്പിസ് വ്രണങ്ങൾ ഉള്ളപ്പോൾ ലൈംഗീകബന്ധം ഒഴിവാക്കുക. ഹെർപ്പിസ് വ്യാപിക്കുന്നത് തടയാൻ ഇതു സഹായിക്കും.



**ഗർഭവും ഹെർപ്പിസും:**



ഗർഭിണിയായ ഒരു സ്തീയ്ക്ക് ഹെർപ്പിസ് ബാധിക്കുകയും അതിന്റെ വ്രണങ്ങൾ ഉണ്ടായിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസവസമയത്ത് അത് കുഞ്ഞിലേയ്ക്കും പകരാവുന്നതാണ്. ഇത് കുഞ്ഞിൽ അപകടങ്ങളായ പ്രശ്നങ്ങളുണ്ടാക്കും. പ്രസവം ആശുപത്രിയിലാക്കണം. അവിടെ ഓപ്പറേഷനിൽ കൂടെ കുഞ്ഞിനെ പുറത്തെടുക്കുകയോ കുഞ്ഞ് ജനിച്ചാലുടനെ മരുന്ന് കൊടുക്കുകയോ ചെയ്യണം.

**എച്ച്.ഐ. വി / എയ്ഡ്സ്**

1. വൈറസ് പരത്തുന്ന ഒരു രോഗമാണ് എയ്ഡ്സ്. ഇത് ലോകത്തിലെ മിക്കരാജ്യങ്ങളിലും കണ്ടുവരുന്നു. ചില രാജ്യങ്ങളിൽ ഇത് വളരെ സാധാരണമായികൊണ്ടിരിക്കുകയാണ്.

***എയ്ഡ്സും - എച്ച്. ഐ. വിയും തമ്മിലുള്ള വ്യത്യാസം***

എയ്ഡ്സ് എന്നാൽ ആർജ്ജിതമായ പ്രതിരോധത്തിന്റെ കുറവുകൊണ്ടുണ്ടാകുന്ന രോഗലക്ഷണ സമുച്ചയം. എച്ച്.ഐ.വി. എന്നാൽ ശരീരപ്രതിരോധശേഷിയെ തകരാറിലാക്കുന്ന വൈറസ് എന്ന അർത്ഥം.എയ്ഡ്സ് ശരീരത്തിന്റെ രോഗങ്ങളെ ചെറുക്കാനുള്ള കഴിവിനെ കുറയ്ക്കുന്നു. വയറിളക്കം, ന്യുമോണിയ, ക്ഷയരോഗം, തൊലിയിലെ ഗുരുതരമായ ക്യാൻസർ എന്നിങ്ങനെ പലരോഗങ്ങളും പ്രതിരോധശക്തി കുറയുന്നതുകൊണ്ട് ഉണ്ടാകുന്നു. എയ്ഡ്സ് ബാധിച്ച അധികം പേരും സ്വന്തം ശരീരത്തിന് എതിർത്തുനിൽക്കാൻ കഴിയാത്ത രോഗങ്ങളാൽ മരിക്കുന്നു. എയ്ഡ്സ് വൈറസ് ബാധിച്ച രക്തം, ശുക്ലം, യോനിസ്രവം എന്നിവ ഒരാളിൽനിന്ന് മറ്റൊരാളിലേക്ക് കടക്കുമ്പോൾ എയ്ഡ്സ് പരക്കുന്നു.

എച്ച്.ഐ.വി. എന്നത് എയ്ഡ്സിനു കാരണമായ വൈറസ് ആണ്. ശരീരത്തെ രോഗത്തിൽ നിന്ന് സംരക്ഷിക്കുന്ന പ്രതിരോധ വ്യവസ്ഥയെ എച്ച്. ഐ. വി ക്ഷയിപ്പിക്കുന്നു. അത് അണു പ്രവേശനവും, രോഗബാധയും എളുപ്പമാക്കുന്നു. എച്ച്.ഐ.വി. പ്രവർത്തനത്തിന്റെ അവസാനഘട്ടമാണ് എയ്ഡ്സ്.

എച്ച്. ഐ. വി. അണുബാധയുള്ള ആളിൻെറ രക്തം, യോനീസ്രവം, ശുക്ലം ഇവ മറ്റൊരാളിൻെറ ശരീരത്ത് പ്രവേശിക്കുമ്പോൾ അയാൾക്കും രോഗാണുബാധ ഉണ്ടാകും. ഇത് താഴെ പറയുന്നവിധം ആകാം.




***പ്രധാനം:*** ആരോഗ്യവാനായി കാണപ്പെടുന്ന വ്യക്തിയിൽ നിന്ന് എയ്ഡ്സ് പകരാം. എയ്ഡ്സ് അണുക്കൾ ബാധിച്ചു കഴിഞ്ഞാൽ സൂചനകൾ പ്രകടമാകാൻ മാസങ്ങളോ വർഷങ്ങളോ വേണ്ടിവരും. എന്നാൽ ഈ സമയത്തെല്ലാം ലൈഗിക ബന്ധത്തിലൂടെയോ സൂചികൾ കൈമാറുന്നതിലൂടെയോ രോഗം പകർന്നുകൊണ്ടിരിക്കും.

**ഏത് ശരീരസ്രവത്തിലാണ് എച്ച്.ഐ.വി കാണപ്പെടുന്നത്.**

താഴെ പറയൂന്നവയിൽ എച്ച്..ഐ.വി. പകർത്താനുള്ള അളവിൽ കാണപ്പെടുന്നു.

- രക്തവും രക്തോല്പന്നങ്ങളും
- ശുക്ലം
- യോനീസ്രവം
- മുലപ്പാൽ
- ആമ്നിയോട്ടിക്ക് ഫ്ളുയിഡ്
- സെറിബ്രോസ്പൈനൽ ഫ്ളുയിഡ്
- അസ്ഥിസന്ധിക്കുചുറ്റുമുള്ള സിനോവിയൽ ഫ്ളുയിഡ്

***താഴെ പറയുന്നവയിൽ എച്ച്. ഐ. വി. വളരെ ചെറിയതോതിലുണ്ട്.***

- ഉമിനീർ (വളരെ ചെറിയതോതിൽ വളരെ കുറച്ചുപേരിൽ മാത്രം കാണുന്നു)
- കണ്ണുനീർ
- പൊള്ളലിൽ നിന്നുള്ള നീര്

***എച്ച്. ഐ. വി. ഇല്ലാത്തവ***

- മൂത്രം
- മലം
- ഛർദ്ദിയവശിഷ്ടം
- വിയർപ്പ്

**എച്ച്. ഐ. വി. പകരുന്ന പ്രധാന വഴികൾ**

- രോഗം ബാധിച്ചവരുമായുള്ള സംരക്ഷിതമല്ലാത്ത ലൈംഗികബന്ധം
- രോഗബാധിതരിൽ നിന്നുള്ള അവയവം മാറ്റിവയ്ക്കൽ, തൊലിയൊട്ടിപ്പ്, രോഗാണുബാധിച്ച രക്തം, രക്തോല്പന്നങ്ങൾ എന്നിവ കുഞ്ഞിവയ്ക്കുകയോ സ്വീകരിക്കുകയോ ചെയ്യുക. രോഗമുള്ള അമ്മയിൽ നിന്ന് കുഞ്ഞിലേക്ക്- ഇത് ഗർഭകാലം, പ്രസവം, മുലയൂട്ടൽ എന്നീ സന്ദർഭങ്ങളിലാവാം.
- നേരത്തേ ഉപയോഗിച്ച ഇൻജക്ഷൻ സൂചി അണുവിമുക്തമാക്കാതെ ഉപയോഗിച്ചാൽ.

***എച്ച്. ഐ. വി. പകരാത്ത സന്ദർഭങ്ങൾ***

- എയ്ഡ്സ് ബാധിച്ച വ്യക്തി കുടിക്കാനോ, ഭക്ഷണം കഴിക്കാനോ ഉപയോഗിച്ച പാത്രത്തിൽനിന്നു കുടിക്കുകയോ ഭക്ഷണം കഴിക്കുകയോ ചെയ്യുക.

- ഒരേ ടോയ്‌ലറ്റ് ഉപയോഗിക്കുക
- ഹസ്തദാനം
- കെട്ടിപ്പിടിക്കുകയോ ചുംബിക്കുകയോ ചെയ്യുക
- രക്തദാനം



- എച്ച്. ഐ. വി. ബാധിച്ചവരോടൊപ്പം ജോലിചെയ്യുക
- പരസ്പരം മസ്സാജ് ചെയ്യുകയോ തിരുമ്മുകയോ ചെയ്യുക
- എച്ച്. ഐ. വി./ എയ്ഡ്സ് ബാധിച്ചവർ ഉപയോഗിച്ച കുളം ഉപയോഗിക്കുക
- കൊതുകിലൂടെ
- എച്ച്. ഐ. വി./ എയ്ഡ്സ് ബാധിതരുമായി സഹകരണം / താല്ക്കാലികതാമസം.

**ഉറകൾ എച്ച്. ഐ. വി. ബാധ തടയുന്നതിന് ഫലപ്രദമാണോ,?**

അതെ, ഉറകൾ അനേകതരത്തിലും ബ്രാൻഡുകളിലുമുണ്ട്. എങ്കിലും, ലാറ്റക്സ്, പോളിയുറത്തേൻ ഉറകൾ എച്ച്. ഐ. വി.ക്ക് ഫലപ്രദമായ തടസ്സം സൃഷ്ടിക്കുന്നു. ഓരോ ലൈംഗിക ബന്ധസമയത്തും ലാറ്റക്സ് ഉറ ഉപയോഗിക്കുകയാണെങ്കിൽ അത് എച്ച്. ഐ. വി. യ്ക്ക് എതിരെയുള്ള സംരക്ഷണമായിരിക്കും.

**സാധാരണ സാമൂഹ്യബന്ധങ്ങൾ/ പ്രവർത്തനങ്ങൾ എന്നിവയിലൂടെ എന്തുകൊണ്ട് രോഗപകർച്ചയുണ്ടാകുന്നില്ല?**

എന്തുകൊണ്ടെന്നാൽ എച്ച് . ഐ . വി . വായു, ജലം, ആഹാരം എന്നിവയിൽ കൂടി പകരുന്നില്ല.

**മൂവി/ സിനിമാതിയേറ്ററുകളിലെ സീറ്റുകളിൽ ഉപേക്ഷിക്കപ്പെടുന്ന സൂചികളിൽ നിന്ന് എച്ച്. ഐ. വി. പകരാറുണ്ടോ?**

സിനിമാ തിയേറ്റർ സീറ്റുകളിൽ ഉപേക്ഷിക്കപ്പെടുന്ന സൂചികളിലൂടെ എച്ച്. ഐ. വി. അണുബാധയുണ്ടാകുന്നു എന്ന് പത്രങ്ങൾ, ഇ-മെയിൽ എന്നിവയിൽ കാണുന്നുണ്ട്. എന്നാൽ ഇതു തെളിയിക്കപ്പെട്ടിട്ടില്ല. ഇത്തരത്തിൽ എച്ച്. ഐ. വി. അണുബാധ നടക്കണമെങ്കിൽ സൂചികളിൽ ഉയർന്ന തോതിലുള്ള വൈറസ് ഉണ്ടായിരിക്കണം. അണുബാധയുള്ള സൂചി ഒരാളിന്റെ ശരീരത്തിൽ തറച്ചാൽ ഹെപ്പറ്റൈറ്റിസ് ബി, സി, എച്ച്, ഐ. വി. എന്നിവ പകരാം. എന്നാൽ രോഗബാധയ്ക്കുള്ള സാധ്യത വളരെ കുറവാണ്.

**ബാർബർമാരിൽകൂടെ എച്ച്. ഐ. വി പകരുമോ ?**

തൊലി മുറിയുകയും അണുബാധയുള്ള രക്തം കടക്കുകയും ചെയ്യുന്നില്ലെങ്കിൽ അണുബാധയ്ക്കുള്ള സാധ്യതകുറവാണ്. പരമ്പരാഗതമായ കത്തികൾക്കുപകരം ഉപേക്ഷിക്കാവുന്ന തരത്തിലുള്ള ബ്ലേഡുകളാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. അങ്ങനെ രക്തം വഴി പകരുന്ന ഹെപ്പറ്റൈറ്റിസ്, എച്ച്. ഐ. വി. എന്നിവയുടെ പകർച്ച കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

**കൊതുകുകൾക്ക് എച്ച്. ഐ. വി. പകർത്താൻ കഴിയുമോ?**

ഇല്ല, കൊതുകിൽ നിന്ന് എച്ച്. ഐ. വി. പകരുകയില്ല. ഒരാളിൽ നിന്ന് രക്തം എടുക്കുമ്പോൾ മറ്റൊരാളിന്റെ രക്തം കൊതുക് കുത്തിവയ്ക്കാറില്ല. രക്തം എളുപ്പത്തിൽ വലിച്ചെടുക്കുന്നതിന് സഹായകമായ രീതിയിൽ കൊതുക് ഉമിനീർ മാത്രമാണ് കുത്തിവയ്ക്കുന്നത്. എച്ച്.ഐ.വി. കൊതുകിനുള്ളിൽ കുറച്ചുസമയം മാത്രമേ ജീവിച്ചിരിക്കുകയുള്ളു.

**എച്ച്. ഐ. വി. ബാധിതനായ വ്യക്തിയെ വീട്ടിൽ പരിചരിക്കുമ്പോൾ എന്തൊക്കെ മുൻകരുതലുകൾ എടുക്കണം ?**

എച്ച്.ഐ.വി. ബാധിച്ചയാളോടൊപ്പം താമസിക്കുന്നതുകൊണ്ടോ പരിചരിക്കുന്നതുകൊണ്ടോ എച്ച്. ഐ. വി. പകരാനുള്ള സാധ്യത കുറവാണ് എന്ന് ഓർക്കുക. എച്ച്. ഐ. വി. ബാധിതരായവർക്ക് കുടുംബാംഗങ്ങളുടെ തുണയും പരിചരണവും ആവശ്യമാണ്. എച്ച്. ഐ. വി.ബാധിച്ചവരെ വീട്ടിൽ പരിചരിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

- മൂത്രം, ഛർദ്ദി, മലം എന്നിങ്ങനെ രക്തം കലരാൻ സാധ്യതയുള്ള ശരീരസ്രവങ്ങൾ, രക്തം എന്നിവയുമായി സമ്പർക്കം വേണ്ടി വരുമെന്നുകണ്ടാൽ ഗ്ലൗസ് ധരിക്കണം.

- തൊലിയിലുണ്ടാകുന്ന മുറിവ്, വ്രണങ്ങൾ, പൊട്ടലുകൾ എന്നിവ ബാന്റേജുകൊണ്ട് പൊതിയണം.
- രക്തം, ശരീരസ്രവങ്ങൾ എന്നിവയുമായി സമ്പർക്കമുണ്ടായാൽ കൈകളും ശരീരഭാഗങ്ങളും ഉടനെ കഴുകണം.
- രക്തം വീണ പ്രതലങ്ങൾ വേഗം അണു വിമുക്തമാക്കണം.
- ടൂത്ത് ബ്രഷുകൾ, ഷേവിംഗിനുള്ള കത്തികൾ എന്നിവയുടെ ഉപയോഗം പങ്കു വച്ചുകൂടാ.

  രോഗബാധിതരായ സ്ത്രീകളുടെ ആർത്തവപ്പാഡുകൾ കത്തിച്ചുകളയുകയോ മണ്ണിൽ മൂടുകയോ വേണം.

**കടിയിലൂടെ എച്ച് . ഐ . വി പകരാൻ സാധ്യതയുണ്ടോ?**

എച്ച്. ഐ. വി. ബാധിച്ചവർ കടിച്ചിട്ടുള്ളതായി റിപ്പോർട്ടുണ്ടെങ്കിലും അതിലൂടെ രോഗാണു പകർന്നിട്ടുള്ളതായി അറിവില്ല.

**എച്ച്. ഐ. വി. ബാധയുടെ ആരംഭലക്ഷണങ്ങൾ എന്തൊക്കെ?**

ഈ രോഗബാധയ്ക്ക് കൃത്യമായ ലക്ഷണങ്ങളൊന്നുമില്ല. പ്രൈമറി എച്ച്.ഐ.വി. ബാധയെന്ന ആരംഭഘട്ടത്തിൽ പനി, ശ്ലേഷ്മഗ്രന്ഥി വീക്കം, തൊണ്ടവ്രണം, ചെറുകുരുക്കൾ, സന്ധിവേദന, വയറിളക്കം, തലവേദന, ഓക്കാനം, എന്നീ ലക്ഷണങ്ങളിൽ ചിലത് ചിലരിൽ ഉണ്ടാകാം. ഈ ലക്ഷണങ്ങളെല്ലാം തന്നെ അവ്യക്തമാണ്. എച്ച്. ഐ. വി. കൂടാതെ മറ്റു രോഗങ്ങൾക്കും ഈ ലക്ഷണങ്ങൾ കണ്ടെന്നുവരാം. എച്ച്.ഐ.വി. പോസിറ്റീവ് ആണോ എന്നറിയുന്നതിനുള്ള ഏക മാർഗ്ഗം രക്തപരിശോധനയാണ്. എന്നാൽ അണുബാധയ്ക്കു ശേഷമുള്ള ആദ്യത്തെ 3-6 മാസക്കാലം വിന്റോപിരിയഡ് ആയതിനാൽ ആ സമയത്ത് രക്തപരിശോധനനടത്തിയാൽ അത് പോസിറ്റീവ് ആയിരിക്കുകയില്ല.

**എച്ച്. ഐ. വിയ്ക്ക് മരുന്നുണ്ടോ?**

എച്ച്. ഐ. വി. ബാധയ്ക്ക് മരുന്നില്ല. ചില വ്യക്തികളിൽ എച്ച്. ഐ. വി. യുടെ വളർച്ച തടയുന്നതിനുള്ള ചികിത്സയുണ്ട്. എച്ച്. ഐ. വി. ബാധയെ നേരിടാനുള്ള മരുന്നു കഴിക്കുമ്പോൾ വൈറസുകളെ രക്തത്തിൽ കണ്ടെത്താൻ കഴിയുകയില്ല. ഇതുകൊണ്ട് രോഗം ഭേദമായി എന്ന് കരുതുന്നത് ശരിയല്ല. കണ്ടെത്താൻ വേണ്ടത്ര അണുക്കൾ രക്തത്തിലില്ല എന്നാണ് ഇതിന്റെ അർത്ഥം. ഈ വ്യക്തികളും മറ്റുള്ളവരിലേയ്ക്ക് എച്ച്.ഐ.വിയെ വ്യാപിപ്പിക്കും.

***എയ്ഡ്സ് തടയാൻ***

- ഒരു വിശ്വസ്ത പങ്കാളിയുമായി മാത്രം ലൈംഗികബന്ധം.
- പങ്കാളിക്കോ നിങ്ങൾക്കോ മറ്റുബന്ധങ്ങൾ ഉണ്ടായിരുന്നിട്ടുണ്ടെങ്കിൽ. ഉറ ഉപയോഗിക്കുന്നത് എയ്ഡ്സ് ബാധിക്കുന്നതിനുള്ള സാധ്യത കുറയ്ക്കും.
- അനേകം പങ്കാളികളുള്ള വേശ്യകൾ, ലഹരിമരുന്ന് കുത്തിവയ്ക്കുന്നവർ എന്നിവരുമായി ലൈംഗിക ബന്ധം പാടില്ല.
- ലൈംഗികരോഗങ്ങൾ- പ്രത്യേകിച്ച് വ്രണമുണ്ടാകുന്നവ ആരംഭത്തിലേ തന്നെ ചികിത്സിക്കണം.
- ഉപകരണങ്ങൾ അണുവിമുക്തമാണെന്നു തീർച്ചയാകുന്നതുവരെ കുത്തിവയ്പെടുക്കാതിരിക്കുക. ആരോഗ്യപ്രവർത്തകർ സൂചിയോ സിറിഞ്ചോ അണുവിമുക്തമാകാതെ ഉപയോഗിക്കരുത്.
- നിയമവിരുദ്ധമായ ലഹരിമരുന്നുകൾ കുത്തിവയ്ക്കാതിരിക്കുക



- ലിംഗാഗ്ര ചർമ്മഛേദനം, കാതുകുത്ത്, അക്യുപങ്ചർ എന്നിവയ്ക്കുപയോഗിക്കുന്ന ഉപകരണങ്ങൾ വെള്ളത്തിൽ തിളപ്പിച്ചശേഷമേ ഉപയോഗിക്കാവൂ.
- പരീക്ഷിച്ചുനോക്കാത്ത രക്തോല്പന്നങ്ങൾ, രക്തം സ്വീകരിക്കൽ മുതലായവ കഴിയുന്നിടത്തോളം ഒഴിവാക്കുക.
- രോഗ സാധ്യതയുള്ളവരായ തെരുവുകുട്ടികൾ, ലഹരിമരുന്ന് ഉപയോക്താക്കൾ, ദേശാന്തരഗമനം നടത്തുന്ന തൊഴിലാളികൾ എന്നിവർക്ക് എയ്ഡ്സ് ബാധിക്കാതിരിക്കാൻ അവരെ സംരക്ഷിക്കാനും വിദ്യാഭ്യാസം നൽകാനുമുള്ള സംവിധാനം വേണം.
- ആളുകൾ സ്വന്തം ശരീരം വില്ക്കാനും, ജോലിയ്ക്കുവേണ്ടി കുടുംബം വേർപെടുത്താത്ത സുന്ദരമായ ഒരു സമൂഹ്യ സാമ്പത്തിക സാഹചര്യത്തിനു വേണ്ടിയുള്ള സമരത്തിലൂടെ കാലാന്തരത്തിൽ എയ്ഡ്സ് തടയാം.

പനി, വയറിളക്കം, എന്നിവയുള്ള എയ്ഡ്സ് രോഗി പ്രത്യേകസംരക്ഷണം അർഹിക്കുന്നു. ഇത് അപകട സാധ്യതയില്ലാതെ ചെയ്യാവുന്നതാണ്. എന്നാൽ വൈറസ് വ്യാപനം തടയുന്നതിന് ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

**ഹെപ്പറ്റൈറ്റിസ്-ബി (മഞ്ഞക്കണ്ണ്)**

കരളിനെ ബാധിക്കുന്ന അപകടകാരിയായ രോഗമാണ് ഹെപ്പറ്റൈറ്റിസ് - ബി . വൈറസ് ബാധിച്ചയാളിന്റെ രക്തം, തുപ്പൽ, യോനീസ്രവം, ശുക്ലം എന്നിവ രോഗമില്ലാത്ത ഒരാളിൽ കടക്കുമ്പോൾ രോഗവ്യാപനമുണ്ടാക്കുന്നു. ലൈംഗിക ബന്ധസമയത്ത് രോഗം ഒരാളിൽനിന്ന് മറ്റൊരാളിലേക്ക് അതിവേഗം വ്യാപിക്കുന്നു.

**സൂചനകൾ :**



- പനി
- വിശപ്പില്ലായ്മ
- ക്ഷീണവും ബലക്കുറവും തോന്നുക
- മഞ്ഞക്കണ്ണ്/തൊലിക്ക് മഞ്ഞനിറം
- വയറുവേദന
- ഇരുണ്ടമൂത്രവും വെളുത്തമലവും
- ഒരു സൂചനയുമില്ലാതിരിക്കുക

- ലൈംഗിക പങ്കാളിക്ക് മേല്പറഞ്ഞ ഏതെങ്കിലും സൂചനയുണ്ടെങ്കിൽ ലൈംഗിക ബന്ധം ഒഴിവാക്കുക. ഹെപ്പറ്റൈറ്റിസ്-ബി ക്കെതിരെ വാക്സിനേഷൻ എടുക്കുക.
- മേല്പറഞ്ഞ സൂചനകളെന്തെങ്കിലും ഗർഭകാലത്ത് കണ്ടാൽ ആരോഗ്യ പ്രവർത്തകരുമായി ബന്ധപ്പെടുക. കുഞ്ഞിന് ഹെപ്പറ്റൈറ്റിസ്-ബി പിടിപെടാതിരിക്കാനുള്ള വാക്സിനേഷൻ ഉപയോഗപ്പെടുത്തണം.

***ചികിത്സ:***

പ്രയോജനമുള്ള മരുന്നുകളൊന്നുമില്ല. മരുന്നുകൾ കരളിനെ ദോഷകരമായി ബാധിക്കും. ഏറെപ്പേരും ഹെപ്പറ്റൈറ്റിസ്-ബി യിൽ നിന്ന് സുഖം പ്രാപിക്കുന്നു. കുറച്ച്പേർക്ക് ക്യാൻസർ ഉൾപ്പെടെയുള്ള ചില രോഗങ്ങൾ വിട്ടുമാറാതെ അവശേഷിക്കുന്നു. ആറുമാസത്തേക്ക് മദ്യപാനം പാടില്ല.

# ലൈംഗിക രോഗങ്ങളുടെ സങ്കീർണ്ണതകൾ

അരക്കെട്ടുവീക്കരോഗങ്ങൾക്കു പുറമെ ഗൊണേറിയ, ക്ലാമിഡിയ മുതലായരോഗങ്ങൾ ഒരു സ്തീയ്ക്ക് പ്രശ്നങ്ങളുണ്ടാക്കിയേക്കാം. ലൈംഗികരോഗം ഭേദമാകാത്ത സ്ത്രീക്ക് വന്ധ്യത, കുഴൽ ഗർഭധാരണം എന്നിവയുണ്ടാകാം. ലൈംഗികരോഗങ്ങളും ഉണ്ടാകുന്നു.

**ബർത്തൊലിൻ ഗ്രന്ഥിയിലെ അണുബാധ (വീങ്ങിയ യോനി)**

യോനീനാളത്തിനുള്ളിൽ വശങ്ങളിലായി സഞ്ചിപോലെയുള്ള ഗ്രന്ഥികളുണ്ട്. യോനീനാളം ഈർപ്പമുള്ള തായി നിലനിർത്തുന്നതിന് ഇവ ദ്രവങ്ങൾ പുറപ്പെടുവിക്കുന്നു. ചിലപ്പോൾ അണുക്കൾ അകത്തു കയറി ഒരു ഗ്രന്ഥിയേയോ അല്ലെങ്കിൽ രണ്ടിനേയുമോ ബാധിക്കുന്നു.

***സൂചനകൾ :***

- വിങ്ങിയതും, ചൂടുള്ളതും, വേദനയുള്ളതും ഇരുണ്ട നിറ ത്തോടുകൂടിയ യോനീനാളമടക്ക്.
- ചിലപ്പോൾ വേദനയില്ലാത്ത വീക്കം ഉണ്ടാകും.




ബർത്തൊലിൻ ഗ്രന്ഥിയിലെ വീക്കം എപ്പോഴും ലൈംഗികരോഗങ്ങൾ കാരണമല്ല ഉണ്ടാകുന്നതെ ങ്കിലും ഒരു സ്തീയിൽ ഈ രോഗം ഗൊണേറിയ, ക്ലാമിഡിയ എന്നിവയാലും ഉണ്ടാകുന്നു.

***ചികിത്സ:***

1. വ്യത്തിയുള്ള തുണി ചൂടുവെള്ളത്തിൽ മുക്കി നീരുള്ള ഭാഗത്തത്തിന്റെ മീതെ വയ്ക്കുക. വീക്കം ഇല്ലാ താകുകയോ അതു പഴുത്ത് പൊട്ടി പുറത്തുപോകുന്നതുവരെയോ കഴിയുന്നത്ര തവണ ഇതുചെയ്യുക.
2. രോഗിയും പങ്കാളിയും ഗൊണേറിയ, ക്ലാമിഡീയ എന്നിവയ്ക്കുള്ള മരുന്നു കഴിക്കുക.
3. ആ ഭാഗത്ത് വേദനയും വീർപ്പുമുണ്ടെങ്കിൽ ആരോഗ്യപ്രവർത്തകരെ കാണുക. അവർ അത് പിളർന്ന് പഴുപ്പ് പുറത്തുകളയും.

**നവജാതശിശുക്കളിലെ പ്രശ്നങ്ങൾ**

ഗൊണേറിയാ, ക്ലാമിഡിയ എന്നിവയുള്ള ഗർഭിണികൾ പ്രസവി ക്കുമ്പോൾ രോഗം കുഞ്ഞിലേക്ക് പകരും. കുഞ്ഞുങ്ങളെ ഗൊണേ റിയ ബാധിക്കുന്നു. ഇതു തടയുന്നതിന് ജനിച്ചയുടനെ കുഞ്ഞിന്റെ കണ്ണിൽ ആന്റിബയോട്ടിക് ഓയിൻറ്മെന്റ് ഉപയോഗിക്കുക. ക്ലാമിഡിയ നവജാതശിശുക്കളിൽ ന്യുമോണിയായും വരുത്തിയേ ക്കാം.





**എങ്ങനെഭേദമാക്കാം**

ലൈംഗികരോഗം ഭേദമാകുന്നതിന് ഈ അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന മരുന്നുകൾ കഴിക്കേണ്ടതാണ്. ലൈഗികരോഗത്തിന്റെ അസ്വാസ്ഥ്യത്തിൽനിന്ന് വിമുക്തമാകുന്നതിന്:



1. ഒരു പാത്രത്തിലെ വൃത്തിയുള്ള ചൂടുവെള്ളത്തിൽ 15 മിനിട്ടുനേരം ദിവസവും രണ്ടു തവണ വീതം ഇരിക്കുക. സ്ഥിതിമെച്ചമായി എന്നു തോന്നുന്നതുവരെ ഇതു തുടരുക. യീസ്റ്റ് ബാധയുണ്ടെന്ന്തോന്നുക യാണെങ്കിൽ ഈ വെള്ളത്തിൽ നാരങ്ങനീര്, വിനാഗരി, തൈര് എന്നിവ ചേർക്കുക.



2. ജനനേന്ദ്രയത്തിൽ വ്രണം ഉണ്ടായിരിക്കുകയും മൂത്ര മൊഴിക്കുമ്പോൾ വേദനതോന്നുകയും ചെയ്യുകയാ ണെങ്കിൽ മൂത്രമൊഴിക്കുമ്പോൾ ലൈംഗികാവയവഭാ ഗത്ത് വൃത്തിയുള്ള ചൂടുവെള്ളം ഒഴിക്കുക. അല്ലെ ങ്കിൽ മൂത്രമൊഴിക്കുമ്പോൾ ഒരു പാനിലെ തണുത്ത വെള്ളത്തിൽ ഇരിക്കുക.
3. പരുത്തികൊണ്ടുള്ള അടിവസ്തം ധരിക്കുക. ജന നേന്ദ്രിയ ഭാഗത്ത് ഇത് വായു സഞ്ചാരം ഉണ്ടാക്കും. അത് രോഗം ഭേദമാകാൻ സഹായിക്കും.
4. അടിവസ്ത്രങ്ങൾ ദിവസത്തിലൊരിക്കൽ കഴുകി വെയിലത്തിടുക. അത് രോഗകാരണമായ അണു ക്കളെ നശിപ്പിക്കും.
5. വീര്യം കുറഞ്ഞ വേദന സംഹാരി കഴിക്കുക.
6. ഭേദമായെന്നു തോന്നുന്നതുവരെ ലൈംഗിക ബന്ധം ഉപേക്ഷിക്കുക.



**ലൈംഗികരോഗങ്ങൾ ചികിത്സിക്കാനുള്ള മറ്റ് മരുന്നുകൾ**

ഈ അദ്ധ്യായത്തിലെ ധാരാളം പേജുകളിൽ ലൈംഗിക രോഗങ്ങൾ ചികിത്സിക്കാനുള്ള മരുന്നുകൾ നിർദ്ദേശിച്ചിട്ടുണ്ട്. താഴെ പറയുന്ന മരുന്നുകൾ നിർദ്ദേശിക്കുന്നു. എന്തുകൊണ്ടെന്നാൽ അവ :

- ഫലപ്രദം
- എളുപ്പത്തിൽ കിട്ടും
- താങ്ങാവുന്നവില



***വേറെ മരുന്നു വേണ്ടിവന്നേയ്ക്കാം. എപ്പോഴെന്നാൽ:***

- ഗർഭം, മുലയൂട്ടൽ തുടങ്ങിയ സന്ദർഭങ്ങളിൽ
- ലൈംഗിക രോഗങ്ങൾ മരുന്നിന് എതിരെ പ്രതിരോധിക്കുമ്പോൾ
- മരുന്നുകൾക്ക് നേരേ അലർജിയുള്ളപ്പോൾ. ചിലർ പെൻസിലിൻ / സൽഫാ എന്നീ മരുന്നുകൾക്ക് നേരേ അലർജിയുള്ളവരാണ്.

**ഒരു പ്രശ്നത്തിന് ഏതു മരുന്നാണ് ഏറ്റവും ഫലപ്രദം എന്ന് ബോധ്യമായാൽ, നിങ്ങൾ താമസിക്കുന്ന പ്രദേശത്തെ ആരോഗ്യപ്രവർത്തകരോടോ ഫാർമസിസ്റ്റിനോടോ അതിനെക്കുറിച്ച് ചോദിക്കാവുന്നതാണ്.**

ഈ അദ്ധ്യായത്തിൽ, ഉപയോഗിക്കാവുന്ന ഏറ്റവും നല്ല മരുന്നുകൾക്ക് പുറമേ ഓരോ പ്രശ്നത്തിനും ഫലപ്രദമായ മരുന്നുകളുടെ പട്ടികയും ചേർത്തിട്ടുണ്ട്. ഒന്നിലധികം ലൈംഗിക രോഗങ്ങളുണ്ടാകാൻ സാദ്ധ്യതയുള്ളതിനാൽ ഒന്നിലധികം മരുന്നുകളും ഒരേ സമയം ഉപയോഗിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. തിരഞ്ഞെടുക്കുന്ന മരുന്ന് ആ രോഗത്തിനുതന്നെയുള്ളതാണെന്ന് ഉറപ്പുവരുത്തണം.

**ഔഷധങ്ങളെ ചെറുത്ത് നില്ക്കലും ലൈംഗികരോഗ ഔഷധങ്ങളും**

ലൈംഗികരോഗങ്ങൾക്കും മറ്റ് രോഗങ്ങൾക്കും ആൻറിബയോട്ടിക്കുകൾ ഉപയോഗിക്കുമ്പോൾ എല്ലാ മരുന്നുകളും ഉപയോഗിക്കണം. ശരിയായ മരുന്ന് ഉപയോഗിക്കാതിരുന്നാലും ചികിത്സ അവസാനിക്കുന്നതിനു മുമ്പ് മരുന്നു നിർത്തിയാലും രോഗകാരണമായ അണുക്കൾ നശിക്കപ്പെടുന്നില്ല. ഏറ്റവും ശക്തിയേറിയ അണുക്കൾ അതിജീവിക്കുകയും അവ വർദ്ധിച്ച് ഗുരുതരമായ രോഗങ്ങൾ വീണ്ടും ഉണ്ടാക്കുകയും ചെയ്യുന്നു. അപ്പോൾ ഒരിക്കൽ ഉപയോഗിച്ച മരുന്ന് ഫലപ്രദമല്ലാതായിതീരുന്നു. ഔഷധങ്ങളെ ചെറുത്തുനിൽക്കൽ എന്ന് ഇതിനെ പറയുന്നു.

ഇക്കാരണത്താൽ പലയിടങ്ങളിലും ഗൊണേറിയ മരുന്നുകളെ ചെറുത്ത് നിൽക്കുന്നു. ഇതിന് എന്ത് പ്രതിവിധിയാണന്നുള്ളതെന്ന് ആരോഗ്യപ്രവർത്തകരോട് ചോദിച്ചറിയുക.

**ലൈംഗിക രോഗം ബാധിച്ചാൽ തീർച്ചയായും:**

- **ആരംഭത്തിലേ ചികിത്സിക്കുക**
- **ശരിയായിമരുന്നു കഴിക്കുക**

**ഓർമ്മിക്കുക! ലൈംഗിക രോഗങ്ങൾ ചികിത്സിക്കുമ്പോൾ എല്ലായിപ്പോഴും:**

- പങ്കാളിയും ചികിത്സയ്ക്കു വിധേയമാകണം
- എല്ലാ മരുന്നുകളും കഴിയ്ക്കണം
- എല്ലാ സൂചനകളും ഇല്ലാതാകുന്നതുവരെയും മരുന്നുകൾ തീരുന്നതുവരെയും ലൈംഗിക ബന്ധം ഒഴിവാക്കണം
- ചികിത്സ തീരുമ്പോൾ രോഗം ഭേദമായില്ലെങ്കിൽ ആരോഗ്യപ്രവർത്തകനെ കാണുക
- വീണ്ടും ലൈംഗിക ബന്ധത്തിലേർപ്പെടുമ്പോൾ സുരക്ഷിതമായ മാർഗ്ഗങ്ങൾ സ്വീകരിക്കണം.



**പ്രത്യുല്പാദനനാളി അണുബാധക്കും ലൈംഗികരോഗങ്ങൾക്കും**

**ലക്ഷണ സമുച്ചയാധിഷ്ഠിതമായ സമീപനം**

ഈ സമീപനത്തിൽ ആരോഗ്യപ്രവർത്തകർ നിശ്ചിത ലൈംഗികരോഗം എന്നതിനേക്കാൾ ലക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ രോഗികളെ ചികിത്സിക്കുന്നു. ഉദാ:യീസ്റ്റ്, ഗൊണേറിയ എന്നിവയ്ക്കുപകരം അവർ യോനീസ്രവത്തിനും , സിഫിലിസ്, ഷാങ്കരോയ്ഡ് എന്നിവയ്ക്കും ലൈംഗികവ്രണങ്ങൾക്കും, അരക്കെട്ടുവീക്കരോഗങ്ങൾക്കും അടിവയറ്റിലെ വേദനയ്ക്കും ചികിത്സചെയ്യുന്നു.

***ലക്ഷണാധിഷ്ഠിത സമീപനത്തിന് പല നേട്ടങ്ങളുമുണ്ട്:***

- ചികിത്സാ സംബന്ധമായ വിശകലനം മെച്ചമാക്കുന്നു.
- എല്ലാ തലങ്ങളിലുമുള്ള ആരോഗ്യപ്രവർത്തകർക്ക് മനസ്സിലാക്കാൻ എളുപ്പം
- ലബോറട്ടറി പരിശോധന നടത്താൻ എത്തുക, അതിൻെറ വിശകലനം അറിയാൻ എത്തുക, ചികിത്സയ്ക്കു വീണ്ടും എത്തുക എന്നിങ്ങനെയുള്ള പല യാത്രകൾ ഒഴിവാക്കി ഒറ്റ സന്ദർശനത്തിൽ തന്നെ ചികിത്സ തുടങ്ങാൻ സഹായിക്കുന്നു.

ഇതിന്റെ ഏറ്റവും വലിയ പോരായ്മ ലക്ഷണങ്ങൾ പുറമേയില്ലാത്ത അനേകം പേർക്ക് ചികിത്സ ലഭിക്കാതെ വരും എന്നതാണ്. ഇല്ലാത്ത രോഗങ്ങൾ ചികിത്സിച്ച് മരുന്നുകൾ പാഴാക്കേണ്ടിവരും.

## മാറ്റത്തിനു വേണ്ടിയുള്ള പ്രവർത്തനം

**ലൈംഗികരോഗങ്ങൾ എങ്ങനെ തടയാം?**

- സുരക്ഷിതമായ ലൈംഗിക ബന്ധം
- ലൈംഗിക ബന്ധത്തിലേർപ്പെടുമ്പോൾ എല്ലായ്പോഴും ഉറ ധരിക്കണം. അത് ലൈംഗിക രോഗങ്ങൾ, എച്ച്ഐ.വി എന്നിവ തടയുന്നതോടൊപ്പം പങ്കാളിയുടെ ആരോഗ്യം സംരക്ഷിക്കുകയും വേണ്ടാത്ത ഗർഭധാരണം തടയുകയും ചെയ്യും. അതുകൊണ്ട് ഉറയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കേണ്ടതാണ്.
- പുരുഷൻ ഉറ ഉപയോഗിക്കുന്നില്ലെങ്കിൽ സ്ത്രീ ഡയഫ്രത്തോടൊപ്പം ബീജനാശിനി ഉപയോഗിക്കണം. ഗൊണേറിയ, ക്ലാമിഡിയ എന്നിവയ്ക്കെതിരെ സ്ത്രീയ്ക്ക് കുറച്ചൊക്കെ സംരക്ഷണം നൽകാൻ ഇതിനു കഴിയും.
- ലൈംഗിക ബന്ധത്തിനുശേഷം ലൈംഗിംക അവയവങ്ങൾ കഴുകി വൃത്തിയാക്കുക
- ലൈംഗിക ബന്ധത്തിനു ശേഷം മൂത്രമൊഴിക്കുക

നിങ്ങളുടെ പങ്കാളിക്ക് ലൈംഗിക രോഗ സൂചനയുണ്ടെങ്കിൽ ലൈംഗിക ബന്ധം ഒഴിവാക്കുക.



- യോനീനാളത്തിൽ പച്ചമരുന്നുകൾ, പൗഡറുകൾ എന്നിവയുപയോഗിക്കരുത്. ഡ്യൂഷെ, യോനീ നാളം സോപ്പുകൊണ്ടു കഴുകുക എന്നിവ യോനീ നാളത്തിന്റെ ആരോഗ്യം നിലനിർത്താൻ സഹായി ക്കുന്ന സ്വാഭാവികമായ ഈർപ്പത്തെ ഇല്ലാതാക്കും. യോനീനാളം ഈർപ്പമില്ലാത്തതായാൽ, ലൈഗിക ബന്ധസമയത്ത് അസഹ്യത, ലൈംഗിക രോഗങ്ങൾ, എയ്ഡ്സ് എന്നിവയ്ക്ക് സാധ്യതയുള്ളതാകുന്നു.

**ലൈംഗിക രോഗങ്ങൾ തടയുന്നതിലൂടെ ഗുരുതരമായ രോഗങ്ങളും വന്ധ്യതയും തടയാം**

**സമൂഹത്തിൽ സുരക്ഷിത ലൈംഗികതയ്ക്കുള്ള പ്രവർത്തനം**

ലൈംഗിക രോഗങ്ങൾ സമൂഹത്തിന്റെ പ്രശ്നമാണ്. ലൈംഗിക രോഗങ്ങൾ തടയുന്നതിന്:

- ലൈംഗിക രോഗങ്ങൾ കൊണ്ട് വ്യക്തിക്കും കുടുംബത്തിനുമുണ്ടാകുന്ന നാശങ്ങളെക്കുറിച്ച് സ്ത്രീകളെയും പുരുഷന്മാരെയും വിശദമായി പഠിപ്പിക്കുക.
- സ്ത്രീകൾ സംഘം ചേരുന്ന ഇടങ്ങളിൽ ലൈംഗിക രോഗങ്ങളെക്കുറിച്ച് പഠിപ്പിക്കുക.
- സ്ത്രീകളുടെ വേദികളിൽ പുരുഷന്മാരെ ഉറ ഉപയോഗിക്കുന്നതിനു പ്രേരിപ്പിക്കുന്നതിന് എന്താണ് പറയേണ്ടതെന്നു പരിശീലിപ്പിക്കുക.
- ഒരു പ്രദേശത്തിന്റെ എല്ലാ ഭാഗത്തും ഉറ ലഭ്യമാക്കുക.
- ഓരോ പ്രദേശത്തേയും പുരുഷന്മാർക്ക് ഉറ ഉപയോഗിക്കുന്ന രീതിയെക്കുറിച്ച് പരിശീലനം നൽകുക.
- ഓരോ പ്രദേശത്തും സംഘചർച്ചകൾ സംഘടിപ്പിച്ച് ആരോഗ്യകാര്യങ്ങളും ലൈംഗിക രോഗങ്ങളും ചർച്ച ചെയ്യുക.
- എച്ച്. ഐ. വി. / എയ്ഡ്സ് എന്നിവ തടയുന്നതിനെക്കുറിച്ചും ചർച്ച ചെയ്യേണ്ടതാണ്.
- സ്ഥലത്തെ സ്കൂളുകളിൽ ലൈംഗിക വിദ്യാഭ്യാസം കാര്യക്ഷമമാക്കാൻ സഹായിക്കുക.
- എച്ച്. ഐ. വി. / എയ്ഡ്സ്, ലൈംഗിക രോഗങ്ങൾ എന്നിവയെക്കുറിച്ച് കൗമാരക്കാർക്ക് വിദ്യാഭ്യാസം നൽകുക.





ഉറ എന്താണെന്നു വിവരിക്കുക. ഉറ ഉപയോഗിക്കേണ്ട രീതി ഒരു നേന്ദ്രപ്പഴത്തിന്റെ സഹായത്തോടെ വിവരിക്കാം.